# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുതുപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/2270/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/2270/2022 തീയ്യതി: 20/01/2023

## കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 29-11-2022 | 06-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-11-2022 | 06-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി ഹരി. ഓഡിറ്റ് ഓഫീസർ

ശ്രീമതി.പ്രസീതകുമാരി. ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജിഷ സാമുവൽ. അസി.ഓഡിറ്റ് ഓഫീസർ.

ശ്രീ.ജാസിർ സി.എം.സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി.ജിഷ പി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആയിഷക്കുട്ടി കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ കെ | സെക്രട്ടറി | 01-04-2021 | 01-09-2021 |
| ശ്രീ.സുഭാഷ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2021 | 19-09-2022 |
| ശ്രീ.സുരേഷ് കുമാർ കെ | സെക്രട്ടറി | 20-09-2021 | 29-01-2022 |
| ശ്രീ.സുഭാഷ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-01-2022 | 07-02-2022 |
| ശ്രീ.സുരേഷ് കുമാർ കെ | സെക്രട്ടറി | 08-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുഭാഷ് കെ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.സഫീന മുസ്തഫ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 01-06-2021 |
| ഡോ.സീതു പൊന്നുതമ്പി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 02-06-2021 | 31-03-2022 |
| ശ്രീമതി.ഫസ്ന പാറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 20-10-2021 |
| ശ്രീമതി.ജമീല പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-10-2021 | 31-03-2022 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.വിവേക് ദേവൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.ബെന്നി ടി.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റെജിമോൾ ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അരണ്യ വി.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൾ സലാം കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് കെ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സന്ധ്യ പി.കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ ജലീൽ പി.പി | വി.ഇ.ഒ-പുതുപ്പാടി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ.സന്ദീപ് കെ | വി.ഇ.ഒ-ഈങ്ങാപ്പുഴ സർക്കിൾ | 01-04-2021 | 05-10-2021 |
| ശ്രീ.അബ്ദുൾ ജലീൽ പി.പി | വി.ഇ.ഒ-ഈങ്ങാപ്പുഴ സർക്കിൾ(ഇൻ-ചാർജ്ജ്) | 06-10-2021 | 22-10-2021 |
| ശ്രീ.ബാഷൽ | വി.ഇ.ഒ-ഈങ്ങാപ്പുഴ സർക്കിൾ | 23-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 7 | പദ്ധതി അവലോകനം | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ സംബന്ധിച്ച് | 1-9 |
| 11 | വസ്തുനികുതി നിർണ്ണയം - റോഡുകളുടെ വിവരം തെറ്റായി ഉൾപ്പെടുത്തുന്നതിനാൽ നികുതി നഷ്ടം | 1-10 |
| 12 | അനധികൃത നിർമ്മാണങ്ങൾ തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച് | 1-11 |
| 13 | എഫ്.ടി.ഇ & ഒ.എസ് - അപാകതകൾ | 1-12 |
| 14 | റോഡ് കട്ടിംങ്ങ് ചാർജ് ഈടാക്കിയില്ല | 1-13 |
| 15 | തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല. | 1-14 |
| 16 | പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-15 |
| 17 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-16 |
| 18 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല | 1-17 |
| 19 | കല്ലടി ഓവ് തൊണ്ടൻമല തോട് സംരക്ഷണം - ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനങ്ങൾ ഉൾപ്പെടുത്തി - യഥാർത്ഥയിനം ഉൾപ്പെടുത്താത്തതിനാൽ അധിക ചെലവ് | 1-18 |
| 20 | മലപുറം യു.പി.സ്കൂൾ നവീകരണം - പ്രവൃത്തികളുടെ അളവിൽ വൻഅന്തരം ഉണ്ടായിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ നിർവ്വഹണം നടത്തി | 1-19 |
| 21 | പാലിയേറ്റീവ് പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല. | 1-20 |
| 22 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതി - പൈപ്പിടൽ പ്രവൃത്തിയ്ക്ക് അധിക തുക നൽകിയതും മറ്റപാകതകളും | 1-21 |
| 23 | പുഴകളിൽ നിന്നും മണ്ണ് നീക്കം ചെയ്യൽ - അനുമതിയില്ലാതെ മണ്ണ് നീക്കം ചെയ്തതും മറ്റപാകതകളും | 1-22 |

| | | |
|---|---|---|
| 24 | പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല - ഗ്രാമപഞ്ചായത്തിന് അധിക ചെലവ് | 1-23 |
| 25 | അങ്കണവാടി പൂരകപോഷകാഹാരം വിതരണം - മോണിറ്ററിംങ് ഫലപ്രദമല്ല. | 1-24 |
| 26 | വള്ളിയാട് കുടിവെള്ള പദ്ധതി - മൺസൂണിൽ കിണർ നിർമ്മിച്ചതും മറ്റപാകതകളും | 1-25 |
| 27 | വാർഷിക കണക്കിലെ ലികിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ - സ്ഥാപനത്തിലെ മൊത്തം ബാധ്യത മൊത്തം ആസ്തിയേക്കാൾ കൂടുതലായത് സംബന്ധിച്ച് | 1-26 |
| 28 | എം. സി. എഫ് കോമ്പൗണ്ടിൽ കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-27 |
| 29 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-28 |
| 30 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയില്ല | 1-29 |
| 31 | ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-30 |
| 32 | ടേക്ക് എ ബ്രേക്ക് - പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പു വരുത്തിയില്ല. | 1-31 |
| 33 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-32 |
| 34 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-33 |
| 35 | കൈതപ്പൊയിൽ യു.പി. സ്കൂൾ - ത്രീ ഫേസ് കണക്ഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-34 |
| | ഭാഗം **2** | |
| 1 | റോഡ് കട്ടിംങ്ങ് ചാർജ് ഈടാക്കിയില്ല | 2-1 |
| 2 | വസ്തുനികുതി നിർണ്ണയം - റോഡുകളുടെ വിവരം തെറ്റായി ഉൾപ്പെടുത്തുന്നതിനാൽ നികുതി നഷ്ടം | 2-2 |
| | ഭാഗം **3** | |
| 1 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതി - പൈപ്പിടൽ പ്രവൃത്തിയ്ക്ക് അധിക തുക നൽകിയതും മറ്റപാകതകളും | 3-1 |
| 2 | വള്ളിയാട് കുടിവെള്ള പദ്ധതി - മൺസൂണിൽ കിണർ നിർമ്മിച്ചതും മറ്റപാകതകളും | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 19-02-2021 തീയതിയിലെ 01/7(1)/2021 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ തോതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 26302952 | 25475111 |
| വരവ് | 357393400 | 141895239 |
| ചെലവ് | 375797714 | 141579256 |
| നീക്കിയിരിപ്പ് | 7898638 | 25791094 |

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. പ്രധാന വരുമാന സ്രോതസ്സായ നികുതി വരുമാനത്തിൽ മുൻവർഷ വരുമാനം 97,73,212/- രൂപയാണെന്നിരിക്കേ 1,40,80,000/- രൂപയുടെ നികുതി വരവ് പ്രതീക്ഷിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. രേഖകളില്ലാതിരിക്കേ നികുതി പിരിവിൽ ഇത്രയേറെ വർദ്ധനവ് എങ്ങനെ പ്രതീക്ഷിച്ചു എന്ന് വ്യക്തമല്ല. മുൻ വർഷത്തിൽ നികുതിയേതര വരുമാനം 18,97,688/- രൂപയാണ്. എന്നാൽ പ്രസ്തുത ഇനത്തിൽ ഈ വർഷം പ്രതീക്ഷിച്ചത് 39,78,000/- രൂപയാണ്. ഇത്രയും വർദ്ധനവ് പ്രതീക്ഷിച്ചതിന് കാരണം വ്യക്തമല്ല.

വരവിനത്തിലുള്ള വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വരവ് | 2021-22 വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| നികുതി വരുമാനം | 14080000 | 10370054 |
| ഫീസ് & യൂസർ ചാർജ്ജസ് | 2243000 | 2197051 |

മേൽ പ്രകാരം പ്രതീക്ഷിത വരവിന്റെ കാര്യത്തിൽ വ്യതിയാനം വന്നിട്ടുണ്ട്. ഭാവിയിൽ ബജറ്റ്

കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2022 | 19-08-2022 (ILGMS) | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് - ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-From Block Panchayaths | 55436 |
| Contribution For Joint Venture Projects (For Revenue Expenditure)-From Block Panchayaths | 453918 |
| Contribution For Joint Venture Projects (For Revenue Expenditure)-From District Panchayaths | 606945 |
| ആകെ | 1116299 |

എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 10,00,000/- രൂപയാണ്.

2) ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Kerala Building And Other Construction Workers Welfare Board (ഹെഡ് കോഡ്-350200203) ഇനത്തിൽ 64,237/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ തുക ബിൽഡിംഗ് & കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിലേക്ക് അടവാക്കേണ്ടതാണ്.

4) വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം റവന്യൂ റിക്കവറി ഇനത്തിൽ (ഹെഡ് കോഡ് - 350300106) 39712/- രൂപ കാണിച്ചിട്ടുണ്ട്. മേൽ തുക സംബന്ധിച്ച വിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.

5) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡെപ്പോസിറ്റ് ഇനം | മുതൽകൂട്ടുന്നതിന് അവശേഷിക്കുന്ന തുക |
|---|---|---|
| 1 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 20,011 |
| 2 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 14,100 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 25,556 |
| 4 | ലേലം - ഡെപ്പോസിറ്റ് | 14000 |
| 5 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 12100 |

6) മിസലേനിയസ്സ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവിധയിനങ്ങളുടെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7) ബി-14 - ൽ സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യമായ 22,875/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

8) നിലവിൽ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാനറ ബാങ്ക് – വെസ്റ്റേൺ ഘട്ട് അക്കൗണ്ട് (56760), കാനറ ബാങ്ക് - സാക്ഷരത അക്കൗണ്ട് (12485), കേരള ഗ്രാമീൺ ബാങ്ക് – ഭവനനിധി അക്കൗണ്ട് (28137), സഹകരണ ബാങ്ക് – ഇ.എം.എസ് ലോൺ അക്കൗണ്ട് (5431), സഹകരണ ബാങ്ക് – ഗ്രീൻ ഗാർഡ് അക്കൗണ്ട് (8024) എന്നീ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകകൾ അതത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

9) സ്ഥാപനത്തിൽ 07.09.2021 തിയ്യതി മുതലാണ് ILGMS നിലവിൽ വന്നിട്ടുള്ളത്. 07.09.2021 ന് മുന്നെയുള്ള സാംഖ്യ അധിഷ്ഠിത വൗച്ചറിലും ILGMS പ്രകാരമുള്ള വൗച്ചറിലും വൗച്ചർ നമ്പർ ആവർത്തിക്കുന്നു.

ഉദാ- 22100001/03.04.2021 തുക – 35492/- (സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റം പ്രകാരം)

22100001/ 07.09.2021 തുക – 10000/( ILGMS അക്കൗണ്ടിംഗ് സിസ്റ്റം പ്രകാരം). മേൽ സൂചിപ്പിച്ച പ്രകാരം ഒരേ നമ്പറിൽ ചെലവ് വൗച്ചർ വ്യത്യസ്ത തിയ്യതികളിൽ കാണിക്കുന്നു.

10) വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ചേർത്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-22/21-22 തിയ്യതി-06.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25475111 |
| വരവ് | 141895239 |
| ആകെ | 167370350 |
| ചെലവ് | 141579256 |
| നീക്കിയിരിപ്പ് | 25791094 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ(ACR പ്രകാരം) | | 0 | 27648469 | 27648469 | 27554650 | 93819 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 9633763 | 9633763 | 8661463 | 972300 |
| വികസനഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 0 | 1756230 | 1756230 | 1605882 | 150348 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 19207108 | 19207108 | 13821243 | 5385865 |
| മെയിന്റനൻസ്, നോൺ – റോഡ് (ACR പ്രകാരം) | | 0 | 10140508 | 10140508 | 9026430 | 1114078 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | PFMS | 0 | 8612967 | 8612967 | 6283315 | 2329652 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Tied) | | | | | | |
| | TREASURY | 0 | 3037840 | 3037840 | 2907490 | 130350 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 0 | 5826167 | 5826167 | 4377592 | 1448575 |
| | TREASURY | 0 | 1648812 | 1648812 | 1606772 | 42090 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 1687448 | 1504912 | 3192360 | 1400000 | 1792360 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 98543 | 0 | 98543 | 0 | 98453 |
| പ്രാദേശിക വികസന ഫണ്ട് - എം.പി.ഫണ്ട് | | 248643 | 7286 | 255929 | 295 | 255643 |
| പശ്ചിമഘട്ട വികസന പദ്ധതി | | 6622 | 191 | 6813 | 295 | 6518 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 5503078 | 210000 | 5713078 | 2904541 | 2808537 |
| സാക്ഷരത ഗ്രാന്റ് | | 143653 | 7806 | 151459 | 3903 | 147556 |
| ജലനിധി | | 281233 | 2028150 | 2309383 | 890400 | 1418983 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട് - ജനറൽ ഉത്പാദനം | 17850080 | 7380240 |
| സേവനം | 178688280 | 20175830 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് - പശ്ചാത്തലം | 17645500 | 16613000 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | സേവനം | 6634223 | 6234223 |

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത ആരും പരിശോധനക്ക് വിധേയമാക്കുന്നില്ല. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് മുഴുവൻ മാസങ്ങളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി / നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചതായും കാണുന്നില്ല.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി & ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചതായി കാണുന്നില്ല. വെറ്ററിനറി സർജൻ, സെക്രട്ടറി, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

തൻവർഷം 262 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 217 പ്രൊജക്റ്റുകൾ നടപ്പിലാക്കി. 45 പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27648469 | 27648469 | 27554650 | 93819 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9633763 | 9633763 | 8661463 | 972300 |
| വികസന ഫണ്ട് (ടി.എസ്.പി ) | 0 | 1756230 | 1756230 | 1605882 | 150348 |
| വികസന | 0 | 1648812 | 1648812 | 1606722 | 42090 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | | | | | |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 3037840 | 3037840 | 2907490 | 130350 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 5826167 | 5826167 | 4377592 | 1448575 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 8612967 | 8612967 | 6283315 | 2329652 |
| മെയിന്റനൻസ്, റോഡ് | - | 19207018 | 19207018 | 13821243 | 5385865 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 10140508 | 10140508 | 9026430 | 1114078 |

വികസന ഫണ്ട്, എസ്.സി.പി ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡ് + നോൺ റോഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 78,88,850 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 45 പദ്ധതികൾ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|

| | |
|---|---|
| സെക്രട്ടറി | 16 |
| അസി. സെക്രട്ടറി | 1 |
| വി.ഇ.ഒ | 1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 24 |

പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. 2020-21 സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി രൂപീകരിച്ച പ്രവൃത്തികളായ "കൈതപ്പൊയിൽ ജി.എം.യു.പി സ്കൂൾ ടോയ് ലറ്റ് നിർമ്മാണം (പ്രോജക്ട് നം-370/21-22 അടങ്കൽ - 1300000/-)", "പാതയോരത്ത് ശുചിമുറികൾ നിർമ്മാണം (പ്രോജക്ട് നം-43/20-21 അടങ്കൽ 900000/-)" എന്നീ പദ്ധതികൾക്ക് സാങ്കേതികാനുമതി വാങ്ങുകയും ഇ-ടെൻഡർ നടത്തി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2021-22 വർഷം മേൽ പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്താതെ പുതിയ പ്രോജക്ടായി ചേർക്കുന്നതിന് 12/08/2021 ന് ചേർന്ന ഭരണസമിതി യോഗത്തിൽ അസി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചിരുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 11838800 | 642 |
| വിധവാപെൻഷൻ | 36118800 | 1954 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 45745400 | 2661 |
| വികലാംഗപെൻഷൻ | 9108700 | 497 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 416000 | 22 |

1-7 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2022 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,769 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ സംബന്ധിച്ച്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്ഥാപനം കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2003-04 മുതൽ 2018-19 വരെ തീർപ്പാക്കാനുണ്ടായിരുന്ന 145 ഖണ്ഡികകൾക്ക് (സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ ഒഴികെ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർണ്ണമായും തീർപ്പാക്കി ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്. നിലവിൽ 2020-21 ഓഡിറ്റ് റിപ്പോർട്ട് വരെ 132 ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അവശേഷിക്കുന്നുണ്ട്. റിപ്പോർട്ടുകളിലെ വരവ് സംബന്ധിച്ച പരാമർശങ്ങളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. .

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന നിർദ്ദേശങ്ങൾക്കും സ്ഥാപനം അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സ്ഥാപനം യഥാസമയം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-10 വസ്തുനികുതി നിർണ്ണയം - റോഡുകളുടെ വിവരം തെറ്റായി ഉൾപ്പെടുത്തുന്നതിനാൽ നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡിന്റെ വീതി കണക്കാക്കാതെ നികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ ശ്രീ. അബ്ദുൾ ഖാദർ എന്നവരുടെ ഉടമസ്ഥതയിലുള്ള ലോഡ്ജ് കെട്ടിടത്തിന് 561 A1,A2,A3,A4 എന്നീ നമ്പറുകൾ നൽകി തൻവർഷം നികുതി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടത്തിനു മുന്നിലുള്ള റോഡിന്റെ വീതി പരിഗണിക്കാതെ നികുതിയിൽ ഇളവ് നൽകിയതായി കാണുന്നു. നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ സൈറ്റ് പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള ഒടുങ്ങാക്കാട് – കാക്കവയൽ റോഡിന്റെ സമീപത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ സഞ്ചയയിൽ പരിശോധിച്ചതിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വഴി സൗകര്യം ഇല്ലാത്തത് എന്ന് കണക്കാക്കി 20% ഇളവ് നൽകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 കുറിപ്പ് 2 പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ

പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ, ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. റോഡിന്റെ തരം പൊതുവഴി സൗകര്യം ഇല്ല എന്ന് രേഖപ്പെടുത്തിയതു മൂലം യഥാർത്ഥത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വരേണ്ട നികുതി വർദ്ധനവ് (20%) വന്നില്ലെന്ന് മാത്രമല്ല നികുതി ഇളവ് (20%) നൽകുക വഴി നികുതി ഇനത്തിൽ ആകെ 40% കുറവ് ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിനൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പരിശോധിക്കാതെ റോഡിന്റെ തരം പൊതുവഴി സൗകര്യം ഇല്ല എന്ന് രേഖപ്പെടുത്തിയതു മൂലം ഈയിനത്തിൽ വരേണ്ട നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്. സൈറ്റ് പ്ലാൻ പ്രകാരം എൻ.എച്ച് 212 ൽ നിന്ന് ഏകദേശം 100 മീറ്റർ അടുത്ത് കെട്ടിടം സ്ഥിതി ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫയൽ പ്രകാരം ദ്വിതീയ മേഖല ഇളവ് 10% നൽകിയിട്ടുണ്ട്. മേഖല സംബന്ധിച്ച അന്തിമ വിജ്ഞാപനം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേഖല ഇളവ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

മേഖല സംബന്ധിച്ച അന്തിമ വിജ്ഞാപനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | അബ്ദുൾ ഖാദർ | ലോഡ്ജ് 19/561 A1, 40.5 $M^2$ | 40.5x40=1620<br>1620x10%=162<br>(ദ്വിതീയ മേഖല ഇളവ്)<br>1620x20%=324<br>(വഴി ഇല്ലാത്തത്)<br>1620-162-324=1134 | 40.5x40=1620<br>1620x10%=162<br>(ദ്വിതീയ മേഖല ഇളവ്)<br>1620x20%=324<br>(വഴി വർദ്ധന)<br>1620-162+324=<br>1782 | 1782-1134=<br>648 |
| | | 19/561 A2, 40.5 $M^2$ | “ | “ | 1782-1134=<br>648 |
| | | 19/561 A3, 70 $M^2$ | 70x40=2800<br>2800x10%=280<br>(ദ്വിതീയ മേഖല ഇളവ്)<br>2800x20%=560<br>2800-280-560= 1960 | 70x40=2800<br>2800x10%=280<br>(ദ്വിതീയ മേഖല ഇളവ)<br>2800x20%=560<br>2800-280+560= | 3080-1960=<br>1120 |

| | | | | | |
|---|---|---|---|---|---|
| | | | | 3080 | |
| | | 19/561 A4, 20.21 $M^2$ | 20.21x40=808.4<br>808.4x10%=80.84<br>(ദ്വിതീയ മേഖല ഇളവ്)<br>808.4x20%=161.68<br>808.4-80.84-161.68=566 | 20.21x40=808.4<br>808.4x10%=80.84<br>(ദ്വിതീയ മേഖല )<br>808.4x20%=161.68<br>808.4-80.84+ 161.68= 889.24 | 889.24-566= 323.24 |
| | | | | | ആകെ നികുതി<br>648+648+ 1120+323.24=<br>2739 |

2. റോഡിന്റെ വീതിയ്ക്ക് ആനുപാതികമായി നികുതി വർദ്ധനവ് വരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ ശ്രീ. റിയാസ്, അരീച്ചോലയിൽ എന്നവരുടെ 313.28 ച. മീ. വിസ്തൃതിയുള്ള ലോഡ്ജ് /വാണിജ്യ കെട്ടിടത്തിന് 5/121 A, B, C, D, E, F, G, H, J എന്നീ നമ്പറുകൾ അനുവദിച്ച് തൻവർഷം നികുതി നിശ്ചയിച്ചു. നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിനു മുന്നിലുള്ള റോഡിന്റെ വീതിയ്ക്കാനുപാതികമായി നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു. കംപ്ലീഷൻ പ്ലാനിനൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിനു സമീപമുള്ള റോഡ് എട്ട് മീറ്റർ വീതിയുള്ള അടിവാരം – വള്ളിയാട് റോഡാണ്. എന്നാൽ ഫോറം നമ്പർ 6 പരിശോധിച്ചതിൽ റോഡിന്റെ തരം ഒന്നര മീറ്ററിൽ കൂടുതൽ എന്നും റോഡിന്റെ പേര് മുപ്പതേക്ര അടിവാരം നാലാം വളവ് എന്നും രേഖപ്പെടുത്തിയതു മൂലം ഈയിനത്തിൽ വരേണ്ട നികുതി വർദ്ധനവ് ഉണ്ടായില്ല. തെറ്റായി നികുതി നിർണ്ണയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | റിയാസ് അരീച്ചോലയിൽ | ലോഡ്ജ് 5/121 A, 45.76 $M^2$ | 45.76x40=1830.4<br>1830.4x10%=183.04<br>(ദ്വിതീയ മേഖല ഇളവ്)<br>1830.04-183.04= 1648 | 45.76x40=1830.4<br>1830.4x10%=183.04<br>(ദ്വിതീയ മേഖല ഇളവ്)<br>1830.04x20%=366.08<br>(വഴി വർദ്ധന)<br>1830.4-183.04+366.08 =2014.04 | 2014-1648= 366 |

| | | | | | |
|---|---|---|---|---|---|
| | | 5/121 B,<br>45.76 $M^2$ | “ | “ | 2014-1648=366 |
| | | വാണിജ്യം<br>19/121 C<br>20.7 $M^2$ | 20.7x50=1035<br>1035x10%=103.5<br>(ദ്വിതീയ മേഖല ഇളവ്)<br>1035-103.5=931.5 | 20.7x50=1035<br>1035x10%=103.5<br>(ദ്വിതീയ മേഖല ഇളവ്)<br>1035x20%=207<br>(വഴി വർദ്ധന)<br>1035-103.5+207=<br>1138.5 | 1138.5-931.5=<br>207 |
| | | 5/121 D<br>18 $M^2$ | 18x50=900<br>900x10%=90<br>(ദ്വിതീയ മേഖല ഇളവ്)<br>900-90=810 | 18x50=900<br>900x10%=90<br>(ദ്വിതീയ മേഖല ഇളവ്)<br>900x20%=180<br>(വഴി വർദ്ധന)<br>900-90+180=990 | 990-810=180 |
| | | 5/121 E<br>15.45 $M^2$ | 15.45x50=772.5<br>772.5x10%=77.25<br>(ദ്വിതീയ മേഖല ഇളവ്)<br>772.5-77.25=696 | 15.45x50=772.5<br>772.5x10%=77.25<br>(ദ്വിതീയ മേഖല ഇളവ്)<br>772.5x20%=154.5<br>(വഴി വർദ്ധന)<br>849.75 | 849.75-696=<br>154 |
| | | 5/121 F<br>12.90 $M^2$ | 12.9x50=645<br>645x10%=64.5<br>(ദ്വിതീയ മേഖല ഇളവ്)<br>645-64.5=581 | 12.9x50=645<br>645x10%=64.5<br>(ദ്വിതീയ മേഖല ഇളവ്)<br>645x20%=129<br>(വഴി വർദ്ധന)<br>645-64.5+129=<br>709.5 | 709.5-581=<br>129 |
| | | 5/121 G<br>24.47$m^2$ | 24.47x50=1223.5<br>1223.5x10%=122.35<br>(ദ്വിതീയ മേഖല ഇളവ്)<br>1224-122.35=1102 | 24.47x50=1223.5<br>1223.5x10%=122.35<br>(ദ്വിതീയ മേഖല ഇളവ്)<br>1223.5x.20%=244.7<br>(വഴി വർദ്ധന)<br>1223.5-122.35+244.7=<br>1345.85 | 1346-1102=244 |
| | | ലോഡ്ജ് | 65.12x40= | 65.12x40=2604.8 | 2865.28-2345= |

| | | | | | |
|---|---|---|---|---|---|
| | | 5/121 H<br>65.12m² | 2604.8<br>2604.8x10%= 260.48<br>(ദ്വിതീയ മേഖല ഇളവ്)<br>2604.8-260.48= 2345 | 2604.8x10%=260.48<br>(ദ്വിതീയ മേഖല ഇളവ്)<br>2604.8x20%=520.96<br>(വഴി വർദ്ധന)<br>2604.8-260.48+ 520.96= 2865.28 | 521 |
| | | 5/121 J<br>65.12m² | “ | “ | 2865.28-2345= 521 |
| | | | | | ആകെ<br>366+366+207+180+ 154+129+244+521+ 521=2688 |

മേൽ ഖണ്ഡിക പ്രകാരം ക്രമ നമ്പർ 1,2 എന്നീ ഉദ്യോഗസ്ഥരുടെ കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഇനത്തിൽ 2739+2688=5427 രൂപയും ഗ്രന്ഥശാലാവരി ഇനത്തിൽ 137+135=272 രൂപയും ഈടാക്കി തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

കുറവ് ഈടാക്കിയ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

1-11 അനധികൃത നിർമ്മാണങ്ങൾ തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച്

പഞ്ചായത്തിലെ പരാതി രജിസ്റ്റർ, പരാതി ഫയൽ, ഭരണസമിതി മിനുട്ട്സ് എന്നിവ പരിശോധിച്ചതിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ ദേശീയപാതയുടെ അരികിലായി മലപുറം എന്ന സ്ഥലത്ത് അനധികൃതമായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വയൽ നികത്തി നിർമ്മിച്ചു എന്നുള്ള പരാതിയിൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. മുഹമ്മദ് ഷരീഫ് എന്ന ആൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഷീറ്റ് മേഞ്ഞ മേൽക്കൂരയോട് കൂടി കെട്ടിടം നിർമ്മിക്കുകയും പഞ്ചായത്തിന്റെ കച്ചവട ലൈസൻസില്ലാതെ മത്സ്യം, പച്ചക്കറി, ഹൽവ സ്റ്റാൾ എന്നിവ പ്രവർത്തിപ്പിച്ച് വരുകയും ചെയ്യുന്നതായി വാർഡ് ക്ലർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 (എക്സ്), 235 (ഡബ്ല്യു) (4), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ വകുപ്പ് 107 അനുസരിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ വകുപ്പ് 4(2) പ്രകാരമുള്ള അനുമതി വാങ്ങാതെ അനധികൃതമായും ചട്ടവിരുദ്ധമായും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നിർത്തിവച്ച് പൊളിച്ചുമാറ്റേണ്ടതാണെന്നും പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന രേഖകൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കേണ്ടതും എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണെന്നും അറിയിക്കുന്നതിനും അല്ലാത്തപക്ഷം യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(w)(4) 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 107 പ്രകാരവും നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ച് ശ്രീ. മുഹമ്മദ് ഷരീഫിന് 8.4.2021 ന് നോട്ടീസ് നൽകിയിട്ടുണ്ട്. 4.10.2021 ന് അനധികൃത നിർമ്മാണത്തിന്റെ വിസ്തീർണ്ണം കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിന് എ. ഇ യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എ. ഇ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം യഥാക്രമം 12, 82.36, 155.48 ചതുരശ്രമീറ്റർ എന്നിങ്ങനെ ആകെ 249.84 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഷീറ്റ് റൂഫോട് കൂടിയ മൂന്ന് കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തു. ആയതിനാൽ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 ഡബ്ല്യു അനുസരിച്ച് 15 ദിവസത്തിനകം പൊളിച്ചു നീക്കുന്നതിനായി 16.9.22 ന് എ6. 4083/22 നമ്പർ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ നിലവിൽ ഇത് പൊളിച്ച് നീക്കിയത് സംബന്ധിച്ച് വിവരം ലഭ്യമല്ല. ആയതിനാൽ ഇത് സംബന്ധിച്ച് തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്.

2. 17-ാം വാർഡിൽ സൗത്ത് ഈങ്ങാപ്പുഴയിൽ സി. പി ഓൾഡ് സ്പെയർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് പുഴയിലേക്ക് 10 മീറ്ററിലധികം ഇറക്കി ബിൽഡിംഗ് നിർമ്മിച്ചിട്ടാണെന്നും ആയതിനാൽ റോഡിലേക്ക് വെള്ളം കയറി ബുദ്ധിമുട്ടുണ്ടാകുന്നു എന്നും കാണിച്ച് പ്രസിഡന്റ് ആർ. വൈ. എഫ്. മണ്ഡലം കമ്മിറ്റി എന്നവർ പരാതി നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത പരാതി 6.11.2021 ന്

ഭരണസമിതി പരിഗണിക്കുകയും നിലവിൽ ടി സ്ഥാപന ഉടമയുടെ അംഗീകൃത കെട്ടിടത്തിന്മേൽ കൂട്ടിച്ചേർത്ത് നിർമ്മിച്ച അനധികൃത നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും സെക്രട്ടറി ഭരണസമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 15/1 നമ്പർ തീരുമാനപ്രകാരം നിലവിൽ എടുത്ത നടപടികൾ തുടരുന്നതിനും, ആയതിനായി വക്കീൽ നോട്ടീസ് അയക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സംബന്ധിച്ച് വിവരം ലഭ്യമല്ല.

മേൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് തുടർനടപടികൾ അറിയിക്കേണ്ടതും ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി ചട്ടപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കുള്ള നികുതി ഈടാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാത്ത സാഹചര്യത്തിൽ അനധികൃത നിർമ്മാണത്തിന് ബാധകമായ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 എഫ്.ടി.ഇ & ഒ.എസ് - അപാകതകൾ

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2021-22 ലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം 590 പേരാണ് ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. 2020-21 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 601 സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. എന്നാൽ 2021-22 ൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയോ മുൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇതു പഞ്ചായത്തിന് വരുമാന നഷ്ടത്തിനും ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ഇടയാക്കുന്നു. 2021-22 വർഷത്തിൽ 590 കെട്ടിടങ്ങളിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള കെട്ടിടങ്ങളിൽ നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല .

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്ക പ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്ക പ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽനികുതി) വാണിജ്യ - വ്യവസായാവശ്യങ്ങൾക്കുള്ള എല്ലാ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 റോഡ് കട്ടിംങ്ങ് ചാർജ് ഈടാക്കിയില്ല

ഫയൽ നമ്പർ :- എ2-4640/21

മേൽ ഫയൽ, ഭരണസമിതി മിനുട്ടസ് എന്നിവ പരിശോധിച്ചതിൽ നിന്നും പുതുപ്പാടി ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ താമസിക്കുന്ന മറിയ നാലകത്ത് എന്നവർക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന്റെ ഭാഗമായി എലിക്കാട് ബൈപ്പാസ് റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ ഇടുന്നതിന് അനുമതിക്കായി അപേക്ഷിക്കുകയും ആയത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് എസ്റ്റിമേറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 5,852/- രൂപ റീസ്റ്റോറേഷൻ ചാർജ്ജായി ഈടാക്കി പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് ഭരണസമിതിയുടെ 18.10.2021 ലെ 41 നമ്പർ പ്രകാരം തീരുമാനിച്ചതായി കാണുന്നു. എന്നാൽ തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - ഡിമാന്റ് പൂർണ്ണമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, കരാറുകാർ, റേഷൻഷോപ്പ് ഉടമകൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ലൈസൻസ് എടുത്ത് പ്രവൃത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഉദാ: നഹ്ദി ഹോട്ടൽ (10 ജീവനക്കാർ), മിയ വെഡ്ഡിങ്ങ് സെന്റർ (4 ജീവനക്കാർ)

3. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും ഡിമാന്റിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഉദാ: മാർ ബസേലിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

ടി. കെ. ട്രസ്റ്റ് പബ്ലിക് സ്കൂൾ

4. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 205 ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. (ചട്ടം 13) എന്നാൽ ഇപ്രകാരം നോട്ടീസ് നൽകിയതായി കാണുന്നില്ല.

6. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ട്യൂഷൻ/ പി.എസ്.സി പരിശീലനകേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂൾ തുടങ്ങിയവയിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി

കാണുന്നില്ല.

ലഭ്യമായ വരുമാന സ്രോതസ്സുകളിൽ നിന്നും തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ഫീൽഡ് പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. അപാകതയുടെ വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-15 പഞ്ചായത്ത് തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽകൂട്ടിയില്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 75000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ -153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്തപക്ഷം മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽകൂട്ടിയതായി കാണുന്നില്ല. ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ - മുഴവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്റ്റ് നം-30/21-22

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

അടങ്കൽ -500000/-(വികസനഫണ്ട് -ജനറൽ)

ചെലവ്-499987/- (ബിൽ നം-01/21-22 തിയ്യതി-12.08.21- 433134/-

ബിൽ നം-08/21-22 തിയ്യതി-31.12.21- 66853/-)

ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് മരുന്നുവാങ്ങുന്നതിനായി 499987/- രൂപ കെ.എം.എസ്.സി.എൽ ഇല്ലിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ 454966/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 45021/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാകാത്തതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-27/21-22 തിയ്യതി - 06.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക പഞ്ചായത്തിന് ലഭിക്കാതെ നിലവിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. എല്ലാ പഞ്ചായത്തുകളും തങ്ങളുടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരം ഈ ആവശ്യത്തിലേയ്ക്കായി ഇ-ടെണ്ടർ പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ പ്രത്യേക നിർദ്ദേശമുണ്ടായിട്ടും നിലവിലും ആയത് ചെയ്തിട്ടില്ല. ഇനിയുള്ള വർഷങ്ങളിലെ ഈയിനത്തിലെ തുക നേരിട്ട് പഞ്ചായത്തിൽ ലഭ്യമാകും വിധത്തിൽ നടപടിയെടുക്കേണ്ടതും, ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നാളിതുവരെ ഈയിനത്തിലെ തുക കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. തുക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ

അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

**1-18 കല്ലടി ഓവ് തൊണ്ടൻമല തോട് സംരക്ഷണം - ഒരേ തരം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഇനങ്ങൾ ഉൾപ്പെടുത്തി - യഥാർത്ഥയിനം ഉൾപ്പെടുത്താത്തതിനാൽ അധിക ചെലവ്**

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 15,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിൽ രൂപീകരിച്ചതാണ് ഈ പ്രോജക്ട് (പ്രോ. നം. 248/22). ഒരു ഭാഗം ഉയർന്നതും മറുഭാഗം താഴ്ന്ന വയലുമുള്ള പ്രസ്തുത തോടിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് ഫൗണ്ടേഷനും, ഡി. ആർ സംരക്ഷണഭിത്തിയും ഉയർന്ന ഭാഗത്ത് കൈവരി നൽകി സംരക്ഷണം നൽകുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത (12.98%) മനോജ്. എം. ജെ. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു (എഗ്രി. നം. 29/21-22/29.11.21). പ്രവൃത്തി നടക്കുന്ന സമയം തോട്ടിലെ വെള്ളത്തിന്റെ ഒഴുക്കു മൂലം പമ്പിംഗ് ആന്റ് ബെയിലിംഗ് പ്രവൃത്തി അധികമായി ചെയ്യേണ്ടി വരികയും, റോഡ് ഇടിഞ്ഞ് കൂടുതൽ ഭീഷണി ഉണ്ടായതു മൂലം ഡി. ആർ. വാളിനു പിറകിലായി ബാക്ക് ഫില്ലിംഗ് നടത്തി ക്വാറിമക്ക് ഇടുന്ന പ്രവൃത്തിയും ആവശ്യമായതിനാൽ എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആദ്യ എസ്റ്റിമേറ്റിൽ 95 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടാൻ വിഭാവനം ചെയ്തെങ്കിലും അധികയിനങ്ങൾ ചെയ്യാൻ എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 72 മീറ്റർ നീളത്തിലാണ് ഈ പ്രവൃത്തി നടന്നത്. 2021-22 വർഷാവസാനം ബാക്കി ഭാഗം ചെയ്യാൻ 495000/- രൂപ അടങ്കലിൽ വീണ്ടും പുതിയ പദ്ധതി രൂപീകരിക്കുകയും (പ്രോ. നം. 329/22) 2022-23 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഒരേ തരം പ്രവൃത്തിയാണ് രണ്ടു എസ്റ്റിമേറ്റുകളിലും ഉൾപ്പെട്ടിട്ടുള്ളത്. എസ്റ്റിമേറ്റ് വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പ്രോ. നം. 248/22 ൽ ഉൾപ്പെടുത്തിയ ഐറ്റം (DSR 2016, Cost Index 31.06%)/നിരക്ക് | പ്രോ. നം. 329/22 ൽ ഉൾപ്പെടുത്തിയ ഐറ്റം (DSR 2018, Cost Index 36.44%)/നിരക്ക് |
|---|---|---|
| Excavation In Cutting Soil By Manual Means.... | 3.5.1 @228.52 | 3.5.1 @360.73 |
| DR Packing Under Foundation | -- | Od1715484/2021-2022 @2732.33 |
| PCC Bed Block | 11.4.1.1, @6974.53 | 11.4.1.1, @7841.67 |
| DR Without Concrete Levelling Course.... | Od1319366/2021-22 @2620.47 | Od1715485/2021-2022 @3660.07 |
| RCC Belt | 75.8.1.1, @7574.25 | 12.5.1.1, @8107.26 |

| | | |
|---|---|---|
| Reinforcement TMT | 11.8, @ 67900.61/T | 12.7, @88932.25/T |
| Construction Of Subgrade | 3.14, @401.08 | 3.14, @463.83 |

പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പ്രകാരം മേൽ രണ്ടു പ്രവൃത്തികളിലും മണ്ണെടുക്കുന്ന പ്രവൃത്തി (ട്രഞ്ച്) നടന്ന ശേഷം അതേ അളവിൽ ഡി. ആർ. ഫൗണ്ടേഷൻ നടത്തുകയും, അതിനുമുകളിലായി 50cm/40cm കനത്തിൽ PCC Bed Block നൽകി, ഡി. ആർ. സംരക്ഷണഭിത്തി നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ മേൽ പട്ടിക പരിശോധിച്ചാൽ ഒരേ തരം കോൺക്രീറ്റ് പ്രവൃത്തിയ്ക്ക് (ബെൽറ്റ്) വ്യത്യസ്ത ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. ആദ്യ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഐറ്റം 75.8.1.1 എന്നത് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി പ്രൈസിൽ ഉൾപ്പെടുത്തിയ ഒബ്സേർവ്ഡ് ഡാറ്റയാണ്. കൂടിയ അളവിൽ സിമന്റും, നീഡിൽ വൈബ്രേറ്റർ തുടങ്ങിയ യന്ത്രസാമഗ്രികളുടെ നിരക്കും ഉൾപ്പെടുന്ന താരതമേന്യ കൂടിയ നിരക്കിലുള്ള ഈയിനം ബെഡ് ബ്ലോക്കിനായി ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

ആദ്യ പ്രവൃത്തിയിൽ മണ്ണിനടിയിലെ ഡി. ആർ. പാക്കിംഗിന് പ്രത്യേകം ഐറ്റം ഉൾപ്പെടുത്താതെ മണ്ണിനു മുകളിലെ നിർമ്മാണത്തിനുള്ള ഐറ്റം തന്നെയാണ് ഉൾപ്പെടുത്തി ചെയ്തത്. ഫൗണ്ടേഷൻ പ്രവൃത്തിയ്ക്കുള്ള ഡി. ആർ. നിർമ്മാണത്തിന് ലേബർ കംമ്പോണന്റ് കുറവാണെന്നിരിക്കെ ആയത് ഉൾപ്പെടുത്താതെ ഉയർന്ന നിരക്കിലുള്ള ഐറ്റം ഉൾപ്പെടുത്തി നിർമ്മാണം നടത്തിയത് എന്തു കൊണ്ടാണെന്ന് വ്യക്തമല്ല. അളവു പുസ്തകം 57/21-22 പേജ് 6 പ്രകാരം 60.95m$^3$ അളവിൽ ഡി. ആർ. ഫൗണ്ടേഷൻ നിർമ്മാണം നടന്നിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് 2345/- രൂപ നിരക്കിൽ (എസ്റ്റിമേറ്റ് നിരക്കായ 2620.47 രൂപയുടെ 10.51% കുറവ് നിരക്ക്) 142927.75/- രൂപ കരാറുകാരന് നൽകി (ബിൽ നമ്പർ 480/22.3.22 - 1294179/-). രണ്ടാമത്തെ പ്രവൃത്തിയിൽ ഫൗണ്ടേഷൻ പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയ ഡാറ്റ അടിസ്ഥാനമാക്കിയാൽ ഈ പ്രവൃത്തിയ്ക്ക് കോസ്റ്റ് ഇൻഡക്സ് 31.06% നിരക്കിൽ വേണ്ടി വരുമായിരുന്ന എസ്റ്റിമേറ്റ് തുക 2018.24/- രൂപയാണ്. എസ്റ്റിമേറ്റ് നിരക്കിൽ (2018-24) കരാറുകാരന് തുക നൽകിയാൽ പോലും ഈയിനത്തിന് വരുമായിരുന്ന ചെലവ് 123011.7/- രൂപയാണ്. ഈയിനത്തിൽ 19916.05/- രൂപയുടെ അധിക ചെലവുണ്ടായി. (142927.75 -123011.7=19916.05)

മുകളിൽ വിവരിച്ച രീതിയിൽ ഒരേ തരം നിർമ്മാണത്തിന് വ്യത്യസ്ത ഐറ്റം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം നടത്തിയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. യഥാർത്ഥത്തിൽ ഉൾപ്പെടുത്തേണ്ട ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു മൂലമുണ്ടായ അധിക ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഈ തുക തിരികെ ഈടാക്കേണ്ടതും, വ്യത്യസ്ത ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 1-19 മലപ്പുറം യു.പി.സ്കൂൾ നവീകരണം - പ്രവൃത്തികളുടെ അളവിൽ വൻഅന്തരം ഉണ്ടായിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ നിർവ്വഹണം നടത്തി

മലപ്പുറം യു. പി. സ്കൂളിന്റെ നവീകരണ പ്രവൃത്തികൾക്കായി രൂപീകരിച്ചതാണ് 10,00,000/- രൂപ അടങ്കലിൽ (സംരക്ഷണഗ്രാന്റ് റോഡിതരം) പ്രോജക്ട് നമ്പർ 134/22. ചോർച്ച തടയുന്നതിന് ഷീറ്റ് റൂഫ്, ഒന്നാം നിലയിലേയ്ക്ക് സ്റ്റെയർകേസ്, വരാന്തയുടെ റൂഫിംഗ് പ്രവൃത്തികൾ, പെയിന്റിംഗ് എന്നിവയാണ് ഇതിലുൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ. 18.11.2021 ന് സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തി 2022 ജനുവരി മാസത്തിൽ ഇ-ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എം. ടി. അബ്ദുൾ മജീദ് എന്ന കരാറുകാരനെ ഏൽപ്പിച്ച് പ്രവൃത്തി നടത്തി. പ്രവൃത്തിക്കായി 870519/- രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നമ്പർ 540/27.03.22)

പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അളവു പുസ്തകം (നം. 70/21-22), പ്രവൃത്തി ബിൽ എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും വൻ അന്തരത്തിലാണ് പല പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിന്നും വൻഅന്തരം ഉണ്ടായിട്ടും എസ്റ്റിമേറ്റ് പുതുക്കാതെ പ്രവൃത്തി പൂർത്തീകരിക്കുകയും, അന്തരം ഉണ്ടായ ഇനങ്ങളുടെ/പ്രവൃത്തികളുടെ അളവ് 25% ൽ നിജപ്പെടുത്തികൊണ്ട് കരാറുകാരന് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. ആകെ 14 ഇനങ്ങളുണ്ടായിരുന്ന എസ്റ്റിമേറ്റിലെ 10 ഇനങ്ങളും അളവിൽ മാറ്റത്തോടെയാണ് പൂർത്തീകരിച്ചത്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ഐറ്റം | പ്രവൃത്തി വിവരം | എസ്റ്റിമേറ്റ് അളവ് | ചെയ്ത അളവ് | തുക നൽകാൻ നിജപ്പെടുത്തിയത് | അന്തരം |
|---|---|---|---|---|---|
| 2 | 2.8.1 Earth Work Excavation.. | $0.72m^3$ | $0.45m^3$ | $0.45m^{m3}$ | 37.5% കുറവ് |
| 3 | 4.1.3 PCC 1:2:4 | $1.44m^3$ | $0.45m^3$ | $0.45m^3$ | 68.75% കുറവ് |
| 6 | 5.22.6 Steel Reinforcement For RCC | 564.48Kg | 784.95Kg | 705.6Kg | 39.06% കൂടുതൽ |
| 7 | 10.16.1 Steel Work In Built Up Tubular Trusses Ect... | 1416.647Kg | 1578.28Kg | 1578.28Kg | 11.41% കൂടുതൽ |
| 8 | 50.10.2 Steel Work For Purlins/single Section With GI Pipes... | 763.8Kg | 803.84Kg | 803.84Kg | 5.2% കൂടുതൽ |
| 9 | 10.25.2 Item Shifted To Head 14 As Item 14.74 Steel Work Welded In Built Upsections | 480Kg | 819.9Kg | 600Kg | 70.8% കൂടുതൽ |
| 10 | 51.20 Providing And Fixing Precoated Gal Vanised Iron Profile Sheets... | 402.75sqm | 293.41sqm | 293.41sqm | 27.15% കുറവ് |
| 12 | 13.43.1 | 201.2sqm | 331.3sqm | 251.5sqm | 64.66% |

| | | | | | |
|---|---|---|---|---|---|
| | Applying One Coat Of Water Thinnable Cement Primer... | | | | കൂടുതൽ |
| 13 | 13.88 Removing White Or Colour Wash By Scrapping And Sand Papering... | 201.2sqm | 181.33sqm | 181.33sqm | 9.88% കുറവ് |
| 14 | 13.111.1 Finishing Walls With Acrylic Smooth Exterior Paint... | 201.2sqm | 331.3sqm | 251.5sqm | 64.66% കൂടുതൽ |

2012 ലെ കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം ഏതൊരു പ്രവൃത്തിയിലും മാറ്റം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ആദ്യ എസ്റ്റിമേറ്റിലെ അളവുകളിൽ വൻ അന്തരം ഉണ്ടായിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ കരാറുകാരന് തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പി.ഡബ്ല്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് ചെലവഴിച്ച 870519/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മാന്വലിന് വിരുദ്ധമായി നടത്തിയ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

1-20 പാലിയേറ്റീവ് പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രോജക്ട് നം-24/21-22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ-പി.എച്ച്.സി

അടങ്കൽ -610210/-(600000/-വികസനഫണ്ട് -ജനറൽ + 10210 - തനത് ഫണ്ട്)

ചെലവ്- 570156/-

പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 570156/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ടിൽ മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കായി 117376/- രൂപ കെ.എം.എസ്.സി എല്ലിന് കൈമാറിയിട്ടുണ്ട് (ബിൽ നം- 9/21-22 തിയ്യതി-05.01.22 തുക-100000; ബിൽ നം-11/21-22 തിയ്യതി-24.02.2022 തുക- 17376). ഓഡിറ്റ് തിയ്യതി വരെ 86,692 /- രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. 30,694/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ഇനിയും ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-28/21-22 തിയ്യതി-06.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 കൈതപ്പൊയിൽ കുടിവെള്ള പദ്ധതി - പൈപ്പിടൽ പ്രവൃത്തിയ്ക്ക് അധിക തുക നൽകിയതും മറ്റപാകതകളും

2021-22 വർഷത്തിൽ കൈതപ്പൊയിൽ കുടിവെള്ള പദ്ധതിയ്ക്കായി രണ്ടു പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് | പ്രവൃത്തി വിശദാംശം |
|---|---|---|---|---|
| 1 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ, 194/22 | 166483/- തനതുഫണ്ട് | 158231/- ചെ.നം.755980/22.11.21 | മോട്ടോർ സ്ഥാപിക്കാൻ റെയ്ഡ്കോയ്ക്ക് തുക നൽകി |
| 2 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം, 252/22 | 400000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 400000/- ബിൽ നം. 488/22.3.22 | കിണറിനു മുകളിൽ പമ്പ് ഹൗസ്, കോമ്പൗണ്ട് വാൾ ഗേറ്റ്, പമ്പ് ഹൗസിലേയ്ക്ക് ആക്സസ്, പ്ലംബിംഗ് വർക്ക്, ഫിനിഷിംഗ് വർക്ക് എന്നിവ |

പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതി 2020-21 വർഷത്തിൽ നിന്നും സ്പിൽ ഓവർ ആയി ഉൾപ്പെട്ടതാണ്. രണ്ടാമത്തെ പദ്ധതി 2021-22 വർഷത്തിൽ പുതുതായി രൂപീകരിച്ച് 6.11.21 ന് സാങ്കേതികാനുമതി ലഭിച്ചതാണ്. ആദ്യ പദ്ധതിയിൽ മോട്ടോർ സ്ഥാപിച്ചതിന് 22.11.21 ന് റെയ്ഡ്കോയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി രൂപീകരിച്ച രണ്ടാമത്തെ പദ്ധതിയിൽ കിണറിനു മുകളിലായി പമ്പ് ഹൗസ് നിർമ്മാണം ആരംഭിക്കുന്നത് 10.1.22 നു മാത്രമാണ് (എം. ബുക്ക് നം. 7/21-22, പേജ് 7). പമ്പ് ഹൗസ് നിർമ്മാണത്തിനു മുമ്പേ മോട്ടോറിന്റെ ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി തുക നൽകിയതിലെ വൈരുദ്ധ്യം വ്യക്തമല്ല. റെഡ്കോയ്ക്ക് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

രണ്ടാമത്തെ പ്രവൃത്തിയിൽ 185 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. 75 Mm Dia 10Kgf/cm2 പൈപ്പിടുന്നതിനായി ഐറ്റം 14 ആയി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയത് (Od1463872/202102022). ആയതിന്റെ വിശദമായ ഡാറ്റാ പരിശോധിച്ചാൽ Trenching, Rifilling ഉൾപ്പെടെ പൈപ്പിടുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (കോസ്റ്റ് ഇൻഡക്സ് 36.44%, നിരക്ക് 492.14/mtr). അളവു പുസ്തകം പരിശോധിച്ചതിൽ പേജ് 22 ൽ 185

മീറ്റർ പൈപ്പിടുന്നതിന് കുഴിയെടുത്ത ഇനത്തിൽ 74m3 (185x 0.5x0.8) മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈയിനത്തിന് പേജ് 26 ൽ 298.8 രൂപ നിരക്കിൽ 22,111/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പിടുന്ന ഐറ്റത്തിൽ കുഴിയെടുത്ത് റീഫിൽ ചെയ്യുന്നതിനുള്ള തുക കൂടി ഉൾപ്പെട്ടിരിക്കെ കുഴിയെടുത്തതിന് വീണ്ടും തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് പരിശോധിക്കേണ്ടതും ഈയിനത്തിൽ അധിക കരാറുകാരന് നൽകിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം നേരിൽ പരിശോധിച്ചപ്പോൾ റെഡ്കോയിൽ നിന്നും വാങ്ങിയ മോട്ടോർ നിർമ്മാണം പൂർത്തിയാക്കിയ കിണറിലല്ല സ്ഥാപിച്ചിട്ടുള്ളതെന്നും, പുതുതായി നിർമ്മിച്ച കിണറിനും പമ്പ് ഹൗസിലേയ്ക്കും നിലവിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും കണ്ടു. ബന്ധപ്പെട്ട വാർഡ് മെമ്പറോട് നേരിൽ സംസാരിച്ചതിൽ പുതിയ നിർമ്മാണത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ പഴയ കിണറിലാണ് പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുള്ളതെന്നും, വൈദ്യുതി ലഭിക്കുന്നപക്ഷം ഈ മോട്ടോർ മാറ്റി സ്ഥാപിക്കുമെന്നും അറിയിച്ചു. ഇത്തരത്തിൽ മോട്ടോർ മാറ്റി സ്ഥാപിക്കുമ്പോൾ വേണ്ടി വരുന്ന കൂലിച്ചെലവ് ആര് വഹിക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതികണക്ഷൻ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കേണ്ടതും, ഒരേ പ്രവൃത്തിയ്ക്ക് രണ്ടിനത്തിൽ നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതുമാണ്.

1-22 പുഴകളിൽ നിന്നും മണ്ണ് നീക്കം ചെയ്യൽ - അനുമതിയില്ലാതെ മണ്ണ് നീക്കം ചെയ്തതും മറ്റപാകതകളും

ഗ്രാമപഞ്ചായത്തിലെ കൈപ്പുറം പാലത്തിന്റെയും, കുപ്പായത്തോട് പാലത്തിന്റെയും താഴെയും, മുകളിലുമായി വരുന്ന പുഴയുടെ ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണും പാറകളും നീക്കം ചെയ്യാനും, ഈങ്ങാപുഴ പുഴയും വേഞ്ചേരി പുഴയും ഒന്നായി ചേരുന്ന ഭാഗത്തിനു താഴെയായി ഉണ്ടായ മൺതിട്ട ഒഴിവാക്കാനുമായിട്ടാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പ്രോജക്ട് നമ്പർ 154/22 ആയി തയ്യാറാക്കിയ പദ്ധതിയ്ക്ക് 25,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റാണ് അടങ്കലായി കണ്ടെത്തിയത്. പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ രണ്ടിനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്, 1. Earth Work Excavation By Mechanical Means/manual Means..., 2. Blasting Hard Rock With Disposal Upto 100m By Drilling, Blasting, Breaking.... എന്നിവ. പ്രവൃത്തി ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് രേഖപ്പെടുത്തിയ ഷാനവാസ് എന്ന കരാറുകാരനെ ഏൽപ്പിച്ചു.

അളവു പുസ്തകം 72/21-22 പ്രകാരം 14764.95$m^3$ മണ്ണ് നീക്കം ചെയ്തതായും, ഇതിൽ 11807.18$m^3$ മണ്ണ് സ്റ്റാക്ക് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയ്ക്കായി ആകെ 1697497/- രൂപ ചെലവഴിച്ചു. 2022 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം 12.4.22 ന് കുഴിച്ചെടുത്ത മണ്ണ് ഏതു വിഭാഗത്തിൽ പെടുന്നുവെന്ന് പരിശോധിച്ച് അറിയിക്കാൻ ആവശ്യപ്പെട്ട് ഗവ: പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനോട് ആരായുകയും, 18.4.22 ലെ റിപ്പോർട്ട് പ്രകാരം ഈ മണ്ണിൽ ചെളിയുടേയും, കളിമണ്ണിന്റേയും അംശം കൂടുതലായതിനാൽ നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്ന് അറിയിക്കുകയും ചെയ്തിരിക്കുന്നു. ഇതിനു ശേഷം ഈ മണ്ണ് ലേലം ചെയ്ത് നൽകാൻ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് കത്തു നൽകിയതായും ഫയലിൽ കാണുന്നു.

മേൽ പ്രവൃത്തി സ്ഥലം ഓഡിറ്റിന്റെ ഭാഗമായി 2.12.22 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിക്കുകയുണ്ടായി. കോരിയെടുത്ത മണ്ണ് പുഴയുടെ കരയിൽ തന്നെ (പുഴതീരമാണോ, പുറമ്പോക്കാണോ, സ്വകാര്യ വ്യക്തികളുടെ സ്ഥലമാണോയെന്ന് വ്യക്തമല്ല) നിക്ഷേപിച്ചിരിക്കുന്നതു കണ്ടു. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ വിധം അളന്നു തിട്ടപ്പെടുത്താവുന്ന

വിധമല്ല ഇത് സൂക്ഷിച്ചിട്ടുള്ളത്. നിലവിൽ ചെടികൾ വളർന്ന് കാട്ടു മൂടിയ നിലയിലാണ്. നീക്കം ചെയ്ത മണ്ണ് തിരിച്ച് പുഴയിലേയ്ക്ക് തന്നെ പതിക്കുന്ന വിധമാണുള്ളത്. ചെയ്ത പ്രവൃത്തിയുടെ ഗുണം പൂർണ്ണതോതിൽ ഉറപ്പാക്കുന്ന വിധം മണ്ണ് നിക്ഷേപിച്ച തീരം വീണ്ടും പുഴയിലേയ്ക്ക് പതിക്കാതിരിക്കാനുള്ള പ്രവൃത്തികൾ നടന്നിട്ടില്ല. ഈ പ്രവൃത്തികൾക്ക് പഞ്ചായത്തിലെ തന്നെ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല.

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- പുഴകളിൽ നിന്നും മണ്ണെടുക്കുന്നതിന് നിയന്ത്രണമുണ്ടായിരിക്കെ ക്ഷമതയുള്ള അധികാരികളുടെ നിർദ്ദേശമില്ലാതെ ഈ പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കിയ സാഹചര്യം വ്യക്തമല്ല. പ്രവൃത്തി വിഭാവനം ചെയ്യുന്നതിനു മുമ്പായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ മണ്ണിന്റെ അളവും, മണ്ണിന്റെ തരവും പരിശോധിച്ച് അവർ നിർദ്ദേശിക്കുന്ന അളവിൽ മണ്ണ് നീക്കം ചെയ്യാതെ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- 2021-22 വർഷത്തെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കിയതിനു ശേഷം ആദ്യ ഭേദഗതിയിലാണ് ഈ പദ്ധതി വാർഷിക പദ്ധതിയുടെ ഭാഗമാക്കി രൂപീകരിച്ചത്. 2021-22 വർഷത്തെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പ്രകൃതി സംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് (18.2.21 ന്). ഈ യോഗത്തിൽ ഇത്തരമൊരു പദ്ധതി രൂപീകരിക്കേണ്ടതിന്റെ യാതൊരു ചർച്ചകളും/ആവശ്യകതയും ഉയർന്നു വന്നിട്ടില്ല. ആദ്യ പദ്ധതി അംഗീകാരത്തിനു ശേഷം ഈ പദ്ധതി രൂപീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- വലിയ അളവിൽ മണ്ണുണ്ടാകുമെന്ന് അറിയാമെന്നിരിക്കെ ഇവ യഥാസമയം നീക്കം ചെയ്യാനുള്ള സാഹചര്യമൊരുക്കാതെ പുഴയുടെ സൈഡിൽ തന്നെ സ്റ്റാക്ക് ചെയ്യുകയും, നിലവിലും ഈ മണ്ണ് ലേലം ചെയ്യാതെ നിക്ഷേപിച്ചിരിക്കുന്നതിന്റെ കാരണവും വ്യക്തമല്ല.
- 2020-21 വർഷത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, CWRDM ന്റെ പഠനത്തിനടിസ്ഥാനപ്പെടുത്തി ഏകദേശം 40 ലക്ഷത്തോളം ചെലവിൽ പുഴകളിൽ നിന്നു മണ്ണ് മാറ്റുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ എടുത്തു മാറ്റാവുന്ന മണ്ണിന്റെ അളവ് കൃത്യമായി നിശ്ചയിച്ച നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിലും എടുത്തു മാറ്റിയ മണ്ണ് തീരത്തു തന്നെ നിക്ഷേപിച്ചതിനെ പറ്റിയും, മണ്ണ് ലേലം ചെയ്ത് വരുമാനം ആർജ്ജിക്കാൻ ശ്രമിക്കാതിരുന്നതിനെ സംബന്ധിച്ചും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും, ഓഡിറ്റ് സമയത്തും പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 2021-22 ലെ പ്രവൃത്തി നടന്നിരിക്കുന്നത് 2022 മാർച്ച് മാസത്തിലാണ്. മുൻവർഷ ഓഡിറ്റ് 2021 നവംബർ മാസത്തിൽ നടന്നിട്ടുണ്ടെന്നിരിക്കെ റിപ്പോർട്ടിൽ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ പോലും വകവയ്ക്കാതെ വീണ്ടും അത്തരം അപാകതകൾ ആവർത്തിച്ചത് ന്യായീകരിക്കാവുന്നതല്ല.
- പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുകൾ രേഖപ്പെടുത്തിയ ലെവൽ ബുക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

മേൽ വിവരിച്ച കാര്യങ്ങൾക്ക് വ്യക്തത വരുത്തേണ്ടതിന് വേണ്ട വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അനുമതിയില്ലാതെ പുഴയിലെ മണ്ണ് നീക്കം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ഈ പദ്ധതി നിർവ്വഹണത്തിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും നിലവിൽ പുഴയുടെ കരയിൽ നിക്ഷേപിച്ചിട്ടുള്ള മണ്ണ് ലേലം ചെയ്ത് നീക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച്, വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവു തുക 1697497/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല - ഗ്രാമപഞ്ചായത്തിന് അധിക ചെലവ്

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതി/പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, പദ്ധതികൾ സമഗ്രമായി തയ്യാറാക്കാതെ ഒരേ കെട്ടിടത്തിന്/റോഡിന്/തോടിന് ഒരേ വർഷത്തിൽ തന്നെ ഒന്നിലധികം പദ്ധതികൾ രൂപീകരിക്കുകയും നിർവ്വഹണം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഈ വിധം വ്യത്യസ്ത പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയതിനാൽ ടെണ്ടർ കുറവ് ഇനത്തിലും, പുതിയ DSR നിരക്കുകൾ നിലവിൽ വന്ന ഇനത്തിലും ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശം | കരാറുകാരൻ/ ഏറ്റെടുത്ത നിരക്ക് | ഉൾപ്പെട്ട പ്രവൃത്തികൾ | റിമാർക്സ് |
|---|---|---|---|---|
| 1 | കല്ലടി ഓവ് തൊണ്ടൻമല തോട് സംരക്ഷണം, 248/22<br>അടങ്കൽ - 1500000/- | മനോജ്. എം. ജെ.<br>12.98% കുറവ് | തോടിന്റെ സൈഡ് കെട്ട് | രണ്ടു പദ്ധതിയും 2021-22 ൽ രൂപീകരിച്ച താണ്. ആദ്യ പദ്ധതി യുടെ എസ്റ്റിമേറ്റിൽ അധിക പ്രവൃത്തികൾ ഉൾപ്പെടുത്തിയതിനാൽ വിഭാവനം ചെയ്ത അള വിൽ പ്രവൃത്തി നട ന്നില്ല. പിന്നീട് വർഷാ വസാനം പുതിയ പദ്ധ തി രൂപീകരിച്ച് ടെണ്ടർ നടത്തി യപ്പോൾ ആദ്യ പ്രവൃത്തി ഏറ്റെടുത്ത യാൾ എസ്റ്റിമേറ്റ് നിര ക്കിലാണ് പ്രവൃത്തി ഏറ്റെടുത്തത്. |
| | കല്ലടി ഓവ് തൊണ്ടന്മല തോട് സംരക്ഷണം, 329/22<br>അടങ്കൽ - 495000/- | മനോജ്. എം. ജെ.<br>എസ്റ്റിമേറ്റ് നിരക്ക് | - ടി - | |
| 2 | അടിവാരം പൊട്ടിക്കൈ റോഡ്, 197/22<br>അടങ്കൽ - 850000/-(CFC, MG Road, Ownfund) | അബ്ദുൾസലീം. എം.<br>3.06% കുറവ് | മുഴവനായി പൊട്ടിപൊളിഞ്ഞ ഭാഗം ഉയർത്തി റോഡ് നിർമ്മിക്കു ന്നതിനും, ആകെ 412 മീറ്റർ നീളം റീടാറിംഗ് ചെയ്യുന്നതും | ആദ്യ പദ്ധതി 2020-21 വർഷാവസാനത്തിൽ രൂപീകരിച്ച് നിർവ്വ ഹണം നടത്തിയതാ ണ്. ആ സമയം റോഡിന്റെ മുഴവൻ നീളവും/ ആവശ്യകത യും ഉൾപ്പെടുത്താതെ തയ്യാറാക്കി. രണ്ടാമ |

| | | | | |
|---|---|---|---|---|
| | | | | ത്തെ പദ്ധതി 2021-22 ന്റെ ആദ്യ വാർഷിക പദ്ധതിയിൽ ഉൾപ്പെടു ത്താനായി ഇതേ കാല യളവിൽ (2/21) രൂപീ കരിച്ചതാണ്. എന്നാൽ സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ ചെയ്ത പ്പോഴേക്കും 2018 DSR നിരക്കുകൾ നിലവിൽ വന്നതിനാൽ ടെണ്ടർ അധികം അനുവദി ക്കേണ്ടി വന്നു. |
| | അടിവാരം പൊട്ടിക്കൈ റോഡ്, 54/22<br>അടങ്കൽ - 1308834/-(Plan General, MG Road, Ownfund) | അബ്ദുൾസലീം. എം.<br>9.15% കൂടുതൽ | കൾവെർട്ട് നിർമ്മാണവും, ഡ്രൈനേജും, റീടാറിംഗും | |
| 3 | മലപുറം യു.പി.സ്കൂൾ നവീകരണം, 134/22<br>അടങ്കൽ - 1000000/-MGNR | എം. ടി. അബ്ദുൾമജീദ്<br>12.89% കുറവ് | ചോർച്ച തടയുന്നതിന് ഷീറ്റ് റൂഫ്, ഒന്നാം നിലയിലേയ്ക്ക് സ്റ്റെയർകേസ്, വരാന്തയുടെ റൂഫിംഗ് പ്രവൃത്തികൾ, പെയിന്റിംഗ് എന്നിവ | രണ്ടു പദ്ധതിയും 2021-22 ൽ രൂപീകരിച്ചതാണ്. സ്കൂളിനു വേണ്ട മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാത്തതിനാൽ ആദ്യ പദ്ധതിയ്ക്ക് ലഭിച്ച ടെണ്ടർ കുറവ് രണ്ടാമ ത്തെ പ്രവൃത്തിയ്ക്ക് ഉപ യോഗപ്പെടുത്താനാ യില്ല. |
| | മലപുറം സ്കൂൾ ഫ്ലോറിംഗ് അനുബന്ധപ്രവൃത്തികൾ, 243/22<br>അടങ്കൽ - 490000/-MGNR | അബ്ദുൾസലീം. എം<br>എസ്റ്റിമേറ്റ് നിരക്ക് | വാതിലുകൾ മാറ്റി സ്ഥാപിക്കൽ, നിലം ഉയർ ത്തൽ, ടൈലിംഗ് എന്നിവ | |
| 4 | കുഞ്ഞുകുളം അങ്കണവാടി നവീകരണം, 190/22<br>അടങ്കൽ - 300000/-MGNR | KDSC LCCSതാമരശ്ശേരി<br>8.9% കുറവ് | ടൈലിംഗ്, മുറ്റം ഇന്റർലോക്ക്, ട്രസ് റൂഫ്, അലുമിനിയം ജനൽപാളികൾ എന്നിവ | രണ്ടു പദ്ധതികളും 2020-21വർഷത്തിൽ രൂപീകരിച്ചവയാണ്. അങ്കണവാടിയുടെ മുഴുവൻ ആവശ്യങ്ങളും ഉൾപ്പെടുത്തി ഒറ്റ പദ്ധ തി തയ്യാറാക്കാത്തതി നാൽ ആദ്യ പദ്ധതി യിലെ ടെണ്ടർ കുറവ് രണ്ടാമത്തെ പ്രവൃ ത്തിയ്ക്ക് ലഭിച്ചില്ല. |
| | കുഞ്ഞുകുളം അങ്കണവാടി ബേബി ഫ്രണ്ട് ലി ടോയ് ലെറ്റ്, 196/22<br>അടങ്കൽ - 100000/- കേന്ദ്രവിഹിതം | KDSC LCCS താമരശ്ശേരി<br>എസ്റ്റിമേറ്റ് നിരക്ക് | ടോയ് ലെറ്റ് നിർമ്മാണം | |

മുകളിൽ വിവരിച്ച വിധം യഥാർത്ഥ ആവശ്യകത മനസ്സിലാക്കാതെ/ ഉൾപ്പെടുത്താതെ പദ്ധതികൾ ഭാഗികമായി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് ഓരോ വർഷവും ഉണ്ടാകുന്നു. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാതെ വ്യത്യസ്ത പദ്ധതിയായി നിർവ്വഹിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, പദ്ധതി രൂപീകരണത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കും വിധമുള്ള ആസൂത്രണം ഉറപ്പാക്കേണ്ടതുമാണ്.

1-24 അങ്കണവാടി പൂരകപോഷകാഹാരം വിതരണം - മോണിറ്ററിംങ് ഫലപ്രദമല്ല.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്ടിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 61/21-22 പോഷകാഹാര വിതരണം (ജനറൽ) | 4124179 | 3924179 |
| 2 | 22/21-22 പോഷകാഹാരം-എസ്.സി | 580200 | 580200 |
| 3 | 44/21-22 പോഷകാഹാരം-എസ്.ടി | 50000 | 49980 |

പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട്

തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2021-22 സാമ്പത്തികവർഷം 18-2-2022 തിയ്യതിയിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ മോണിറ്ററിംഗിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 വള്ളിയാട് കുടിവെള്ള പദ്ധതി - മൺസൂണിൽ കിണർ നിർമ്മിച്ചതും മറ്റപാകതകളും

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 12,50,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണ് പ്രോജക്ട് നമ്പർ 191/22. കിണർ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ ചെയ്ത് പ്രവൃത്തി ജേക്കബ്. എം. സി എന്ന കരാറുകാരനെ ഏൽപ്പിച്ച് 20.2.21ന് 110/20-21 നമ്പർ കരാറിലേർപ്പെട്ടു.

പദ്ധതി ഫയൽ പരിശോധിച്ചതിൽ കിണർ നിർമ്മാണവും, പൈപ്പിടലും, ടാങ്ക് സ്ഥാപനവും നടന്നിട്ടുണ്ട്. കരാറിലേർപ്പെട്ട് അഞ്ച് മാസങ്ങൾക്ക് ശേഷം 20.7.21 നാണ് പദ്ധതിയിലെ കിണർ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. പ്രവൃത്തി ആരംഭിച്ച് ഒന്നര മാസം കൊണ്ട് കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാർ 20.2.21 ന് ചമച്ച ശേഷം പ്രസ്തുത സാമ്പത്തിക വർഷത്തിലോ, തുടർവർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളുൾപ്പെടുന്ന വേനൽ കാലയളവിലൊന്നും കിണർ നിർമ്മാണം നടത്താതെ മൺസൂൺ ആരംഭത്തിനു ശേഷം പ്രവൃത്തി ആരംഭിച്ചതിന്റെ സാങ്കേതികത്വം വ്യക്തമല്ല. പ്രവൃത്തി സമയത്ത് കിണറിലെ വെള്ളം പമ്പ് ചെയ്ത് കളയുന്നതിന് 60 മണിക്കൂറുകൾക്ക് (70 മണിക്കൂർ പ്രവൃത്തി 60 ൽ നിജപ്പെടുത്തി) 16777.2/- രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ ചമച്ച് അഞ്ച് മാസത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അളവ് പുസ്തകം 334/2019-20 പ്രകാരം ആകെ 4.5 മീറ്റർ ആഴത്തിൽ മാത്രമാണ് കിണറിനായി കുഴിച്ചിട്ടുള്ളത്. പേജ് 1 പ്രകാരം മൂന്നു മീറ്ററും, പേജ് 20 പ്രകാരം ഒന്നര മീറ്ററും. എന്നാൽ മണ്ണെടുക്കുന്നതിനുള്ള എക്സ്ട്രാ ലേബറായി മൂന്നാമത്തെ ഡെപ്തിനും തുക നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. സെക്കന്റ് ഡെപ്ത് വരെ മാത്രം കിണർ കുഴിച്ചിരിക്കെ തേർഡ് ഡെപ്തിനുള്ള എക്സ്ട്രാ ലേബർ നൽകിയതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ചെയ്യാത്ത മണ്ണ് പ്രവൃത്തിയ്ക്ക് തേർഡ് ഡെപ്തിന്റെ അധിക ലേബർ നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അളവ് പുസ്തകം പേജ് 76 പ്രകാരം തേർഡ് ഡെപ്തിനായി നൽകിയ 4891.81/- (18.031m$^3$ X 271.3) രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല (ബിൽ നമ്പർ (1)204/25.10.21 -563435/-,(2)342/2.2.22 - 649876/-). ഈ തുക തിരികെ ഈടാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-26 വാർഷിക കണക്കിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ - സ്ഥാപനത്തിലെ മൊത്തം ബാധ്യത മൊത്തം ആസ്തിയേക്കാൾ കൂടുതലായത് സംബന്ധിച്ച്

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ലിക്വഡിറ്റിയുള്ള ബാധ്യതകൾ (36478336/-) ലിക്വിഡിറ്റിയുള്ള ആസ്തികളേക്കാൾ ( 36193438/-) കൂടുതലാണ്.

ഓഡിറ്റ് വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി , ബാധ്യതാ വിവരങ്ങൾ

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B2 | 0 | B12 | 0 |
| B4 | 14659154 | B14 | 22875 |
| B5 | 12977135 | B15 | 8857403 |
| B7 | 4585935 | B17 | 25791094 |
| B9 | 2866538 | B18 | 1522066 |
| ആകെ | 35088762 | | 36193438 |

2021-22 വർഷത്തിൽ കാരുണ്യ ഹൗസിംഗ് ലോൺ പലിശ ഇനത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1389574/- രൂപ സ്ഥാപനത്തിന് ബാധ്യതയുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ തുക കൂടി ബാധ്യത ഇനത്തിൽ പരിഗണിക്കുമ്പോൾ സ്ഥാപനത്തിന് 36478336/- രൂപ മൊത്തം ബാധ്യതയുണ്ട്.

ലിക്വഡിറ്റിയുള്ള ബാധ്യതകൾ ലിക്വഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായതിനാൽ സ്ഥാപനത്തിന്റെ തനത് ഫണ്ട് ബാലൻസ് നെഗറ്റീവിലാണ്. അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, തൊഴിൽനികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ, വ്യാപാരികൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി / ഫീസ് പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-27 എം. സി. എഫ് കോമ്പൗണ്ടിൽ കുഴൽക്കിണർ നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം. സി. എഫ് കെട്ടിടത്തിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി എം. സി. എഫ് കോമ്പൗണ്ടിൽ ഒരു കുഴൽക്കിണർ കുഴിക്കുന്നതിന് താഴെപ്പറയും പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് - എം. സി. എഫ് കെട്ടിടത്തിൽ കുഴൽക്കിണർ നിർമ്മാണം

പ്രോജക്ട് നമ്പർ - എസ് 0210/22

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 50,000/- രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 42,655/- രൂപ – ബിൽ നമ്പർ 373/21-22 തീയതി 17.2.2022

മേൽ തുക 19.2.2022 ലെ 901516 നമ്പർ ഡി. ഡി. ആയി ഭൂജല വകുപ്പിന് കൈമാറിയിട്ടുള്ളതും 4.3.32022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ തുക കൈമാറി 9 മാസങ്ങൾക്കു ശേഷവും ഭൂജല വകുപ്പ് ഈ പ്രവൃത്തി പൂർത്തീകരിച്ചുവോ എന്നുള്ള വിവരം ലഭ്യമല്ല. ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും ഭൂജല വകുപ്പിൽ നിന്നും ഡെപ്പോസിറ്റ് ചെയ്ത തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ഭൂജല വകുപ്പ് ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എങ്കിൽ ഈ പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 7/2021-22 തീയതി 1.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്ന - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 29.9.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പുതുപ്പാടി ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ ഇനത്തിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100299, 9.12.2021 | 227838, 9.12.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയോ തെരുവു വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 1.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 165/22<br>സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| പദ്ധതി അടങ്കൽ | 936000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 933800/- |
| ബിൽ നമ്പർ/ തിയ്യതി | 4501438968/24.3.2022 |

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ഫിറ്റ് ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ KEL എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്കിലുള്ള ഓഫർ സ്വീകരിച്ചു. 406 (2x9W) LED

ബൾബുകൾ മേൽ സ്ഥാപനത്തിൽ നിന്നും വിതരണം ചെയ്യുകയും എല്ലാം തന്നെ ഫിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന ആദായനികുതി ഈടാക്കിയില്ല. മേൽ തുക ഈടാക്കുന്നതിന് സെക്രട്ടറി 3.6.2022 ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആദായനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 2016 മുതൽ നാളിതു വരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ച തുകയിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക | സൂക്ഷിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 320100198 | Grants From Suchitwa Mission | 28,08,537 | എസ്. ബി. ഐ., ഈങ്ങാപ്പുഴ ശാഖയിലെ 67384496127 നമ്പർ തനത് ഫണ്ട് അക്കൗണ്ട് |
| 320100181 | Total Sanitation Campaign | 98,543 | എസ്. ബി. ഐ., ഈങ്ങാപ്പുഴ ശാഖയിലെ 67384496127 നമ്പർ തനത് ഫണ്ട് അക്കൗണ്ട് |

ഗ്രാമപഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ / തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ശുചിത്വ മിഷൻ ഡയറക്ടറുടെ 06/08/21 ലെ 951/സി2/2019/എസ്.എം കത്ത് പ്രകാരം സർക്കാർ പണം ഉപയോഗിക്കാതെ ദീർഘകാലം സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമായി ധനകാര്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും, ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് തുക 18% നിരക്കിലുള്ള പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ അവശേഷിക്കുന്ന ശുചിത്വമിഷൻ ഫണ്ട് തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

1-31 ടേക്ക് എ ബ്രേക്ക് - പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പ് വരുത്തിയില്ല.

സ.ഉ. (കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ത.സ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോട് കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഗ്രാമ പഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷം താഴെപ്പറയും പ്രകാരം പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. കോഴിക്കോട് - കൊല്ലെഗൽ ദേശീയപാതയോരത്ത് പുല്ലാഞ്ഞിമേട് എന്ന

സ്ഥലത്താണ് ഈ നിർമ്മാണം നടത്തുന്നത്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 236, പാതയോരത്ത് ശുചിമുറികൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 8,54,000 | 8,53,872 |
| 2 | 287, ടേക്ക് എ ബ്രേക്ക് – ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 4,95,000 | 4,95,000 |
| 3 | 276, പാതയോരത്ത് ശുചിമുറി – ടേക്ക് എ ബ്രേക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 12,00,000 | ഇല്ല |
| 4 | 283, പാതയോരത്ത് ശുചിമുറിക്ക് കുഴൽക്കിണർ – ടേക്ക് എ ബ്രേക്ക് | സെക്രട്ടറി | 75,000 | ഇല്ല |

ക്രമ നമ്പർ 1, 2 എന്നിവ പ്രകാരം ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം, ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരം ടൈൽസ് പ്രവൃത്തി, ഗ്രിൽ, ക്ലോസറ്റ് മറ്റ് അനുബന്ധ സാമഗ്രികൾ സ്ഥാപിക്കൽ എന്നിവ നിലവിൽ നടന്നു വരുന്നു.

ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ഈ കെട്ടിടത്തിലേക്ക് വെള്ളം എത്തിക്കുന്നതിനായി തയ്യാറാക്കിയതാണ് ക്രമ നമ്പർ 4 പ്രകാരമുള്ള പ്രോജക്ട്. ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്ത് കുഴൽക്കിണർ നിർമ്മിക്കാനാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ആയതിനായി ഭൂജല വകുപ്പ് ഈ സ്ഥലത്ത് ഭൂജലപര്യവേഷണം നടത്തുകയുണ്ടായി. ആയതിൽ ഈ സ്ഥലം ജലലഭ്യതയുള്ള ഒരു കുഴൽക്കിണർ കുഴിക്കുന്നതിന് അനുയോജ്യമല്ല എന്നാണ് ഭൂജല വകുപ്പ് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ളത് ( ഭൂജല വകുപ്പിന്റെ കത്ത് നമ്പർ GW/KKD/ TS-840/2022 തീയതി 8.4.2022 ). ഈ പദ്ധതി സ്ഥലത്ത് ജലലഭ്യത ഇല്ലാത്ത പക്ഷം ഈ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുക പാഴായി പോകാൻ ഇടയുണ്ട്. ആയത് ഒഴിവാക്കുന്നതിനായി ഈ പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് മറ്റു വഴികൾ തേടേണ്ടതുണ്ട്.

ഈ പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 തീയതി 1.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-32 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016/തസ്വഭവ തീയതി 08.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ വാങ്ങൽ | വി. ഇ. ഒ | 1,00,000 | 62,000 |
| 2 | ഹരിത കർമ്മസേനക്ക് വി. ജി. എഫ് | വി. ഇ. ഒ | 1,00,000 | 96,075 |
| 3 | എം. സി. എഫ്. കെട്ടിടം വയറിംഗ്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | സെക്രട്ടറി | 1,05,000 | 93,951 |
| 4 | അജൈവ | സെക്രട്ടറി | 2,92,881 | 58,568 |

| | | | | |
|---|---|---|---|---|
| | മാലിന്യ ശേഖരണം | | | |
| 5 | എം. സി. എഫ്. റിജക്ട്സ് നീക്കം ചെയ്യൽ | സെക്രട്ടറി | 1,46,000 | 1,46,000 |
| 6 | ഹരിത സഹായ സംഘങ്ങൾക്ക് കൺസൽട്ടേഷൻ ഫീസ് | സെക്രട്ടറി | 2,54,187 | ഇല്ല |
| 7 | എം.സി.എഫ്. കെട്ടിടത്തിൽ കുഴൽക്കിണർ നിർമ്മാണം | സെക്രട്ടറി | 50,000 | 42,655 |
| 8 | എം.സി.എഫ്. കെട്ടിടം – ചുറ്റുമതിലും അനുബന്ധ നിർമ്മാണവും | അസിസ്റ്റന്റ് എഞ്ചിനീയർ | 4,98,000 | 4,96,012 |

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കരാർ തീയതി | നിരക്ക് / കി. ഗ്രാം ( രൂപയിൽ ) |
|---|---|---|
| ക്ലീൻ കേരള കമ്പനി | രേഖപ്പെടുത്തിയിട്ടില്ല | 11.80 |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഗ്രാമ പഞ്ചായത്ത് ഉണ്ടാക്കിയ കരാറിൽ കരാർ തീയതി, കരാർ കാലാവധി എന്നിവ പ്രതിപാദിക്കുന്നില്ല . മാത്രമല്ല നിരക്കും താരതമ്യേന വളരെ കൂടുതലാണ്.

2022 വർഷം കോഴിക്കോട് ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി കരാർ വെച്ച സ്ഥാപനങ്ങളുടെ വിവരവും അവർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | കരാർ വെച്ച സ്ഥാപനം | കരാർ തീയതി | നിരക്ക് / കി. ഗ്രാം ( രൂപ യിൽ ) |
|---|---|---|---|---|
| 1 | കാക്കൂർ | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 4.5.2022 | 6.00 |
| 2 | മാവൂർ | കോനാരി | 19.2.2022 | 6.00 |

| | | | | |
|---|---|---|---|---|
| | | അഡ്വാൻസ്ഡ് പോളിമേഴ്സ് | | |
| 3 | അത്തോളി | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി, വെസ്റ്റ്ഹിൽ, കോഴിക്കോട് | 17.6.2022 | 6.50 |

മേൽ പട്ടികയിൽ നിന്നും പുതുപ്പാടി ഗ്രാമപഞ്ചായത്ത് നിലവിൽ ക്ലീൻ കേരള കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്ന നിരക്ക് വളരെ കൂടുതൽ ആണെന്ന് കാണാവുന്നതാണ്. മറ്റു ഗ്രാമപഞ്ചായത്തുകൾ നൽകിക്കൊണ്ടിരിക്കുന്നതിന്റെ ഇരട്ടി നിരക്കാണ് നിലവിൽ പുതുപ്പാടി ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

ക്ലീൻ കേരള കമ്പനി വഴി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| മാലിന്യം കയറ്റി അയച്ച തീയതി | കൊണ്ടുപോയ സ്ഥാപനം | തൂക്കം ( കി. ഗ്രാം ) | ഇനം |
|---|---|---|---|
| 9.6.2021 | ക്ലീൻ കേരള കമ്പനി | 4,280 | തരം തിരിക്കാത്തവ |
| 10.6.2021 | ക്ലീൻ കേരള കമ്പനി | 4,670 | തരം തിരിക്കാത്തവ |
| 7.11.2021 | ക്ലീൻ കേരള കമ്പനി | 3,800 | തരം തിരിക്കാത്തവ |
| 10.12.2021 | ക്ലീൻ കേരള കമ്പനി | 4,690 | തരം തിരിക്കാത്തവ |

മേൽ പ്രകാരം കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം എടുത്തിരിക്കുന്നത് താമരശ്ശേരി, പടനിലം എന്നിവിടങ്ങളിലെ വെയ് ബ്രിഡ്ജുകളിലാണ്.

മേൽ പ്രകാരം അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് ക്ലീൻ കേരള കമ്പനി ക്ക് താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | മാലിന്യത്തിന്റെ തൂക്കം (കി. ഗ്രാം ) | നിരക്ക് (കി. ഗ്രാം ) | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | D23/SER21-22/60 തീയതി 11.3.2022 | 17,440 | 11.80 | 2,05,792 | 2,00,000 |

ഗ്രാമ പഞ്ചായത്തിൽ മേൽ പ്രകാരം നടപ്പിലാക്കിയ മാലിന്യ നിർമ്മാജന പദ്ധതികളുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഏൽപ്പിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്ന് ശുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. നിലവിൽ മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ എടുത്ത ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് ക്ലീൻ കേരള കമ്പനി പറയുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 2021 വർഷം 36 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 24 പേരാണ് ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. 2021 വർഷം ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളിൽ നിന്നും മാത്രമായാണ് അജൈവ മാലിന്യം ശേഖരിക്കൽ ഹരിത കർമ്മസേന ആരംഭിച്ചത്. 2022 വർഷം മുതൽ എല്ലാ വാർഡുകളിലെയും വീടുകളിലും സ്ഥാപനങ്ങളിലും കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ ഹരിത കർമ്മസേന ആരംഭിച്ചു. പ്രാരംഭ ഘട്ടമായതിനാൽ 2021- 22 വർഷം ഹരിത കർമ്മസേനക്ക് വളരെ കുറഞ്ഞ കളക്ഷൻ മാത്രമാണ് ലഭിച്ചത്. നിലവിൽ 2022-23 വർഷം വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വി. ഇ. ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 96,075 രൂപ ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിക്കപ്പെട്ട അജൈവ മാലിന്യങ്ങളുടെ വിലയായി താഴെ പറയും പ്രകാരമുള്ള തുകകൾ ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ വരവായി വന്നിട്ടുണ്ട്. ( അക്കൗണ്ട് നമ്പർ

PPD 10001001014629, പുതുപ്പാടി സർവീസ് സഹകരണ ബാങ്ക് )

| ക്രമ നമ്പർ | അക്കൗണ്ടിൽ വരവ് വന്ന തീയതി | തുക |
|---|---|---|
| 1 | 28.9.2022 | 7,501 |
| 2 | 18.8.2022 | 6,965 |
| 3 | 2.12.2022 | 11,799 |
| 4 | 2.7.2022 | 8,199 |
| 5 | 3.9.2022 | 7,146 |
| 6 | 21.11.2022 | 12,839 |
| 7 | 18.11.2022 | 4,000 |
| 8 | 27.7.2022 | 11,412 |
| 9 | 14.10.2022 | 2,322 |
| 10 | 12.10.2022 | 7,251 |
| 11 | 29.10.2022 | 4,802 |
| 12 | 26.8.2022 | 7,214 |

മാലിന്യ നിർമ്മാ ർജ്ജന രംഗത്തെ നിലവിലെ സ്ഥിതി , സ്വീകരിക്കേണ്ട തുടർനടപടികൾ

മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമ പഞ്ചായത്ത് വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രേഖകളുടെ വിവരം | ഭരണ സമിതി അംഗീകാരം – തീരുമാനം നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ | 4/1 തീയതി 13.10.2021 | പഞ്ചായത്ത് ഡയറക്ടറുടെ PAN/791/ 2022-C5(DP) തീയതി 12.5.2022 നമ്പർ പ്രകാരം അംഗീകാരം ലഭിച്ചു |
| 2 | ഖരമാലിന്യ സംസ്കരണത്തിനുള്ള ആക്ഷൻ പ്ലാൻ | 2/1 തീയതി 6.7.2022 | - |

എന്നാൽ ഗ്രാമ പഞ്ചായത്തിന് മാലിന്യം ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ഉള്ള പൂർണ്ണമായ ഒരു സംവിധാനം ഒരുക്കാൻ നാളിതു വരെ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്.

ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല .

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ ഉത്തരവ് നമ്പർ HKM/A2/625/18 തീയതി 1.1.2021 പ്രകാരം രാമനാട്ടുകര കേരള ഗ്രാമ നിർമ്മാണ സമിതിയെ ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിരുന്നു. പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ അജൈവ മാലിന്യ സംസ്കരണ പദ്ധതിക്ക് എല്ലാ നിർദ്ദേശങ്ങളും പിന്തുണയും നൽകാനും ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനും തയ്യാറാണെന്ന് രാമനാട്ടുകര കേരള ഗ്രാമ നിർമ്മാണ സമിതി പുതുപ്പാടി ഗ്രാമപഞ്ചായത്തുമായി കരാർ വെച്ചിരുന്നു. എന്നാൽ കരാർ പ്രകാരമുള്ള യാതൊരു സേവനവും ഈ സ്ഥാപനത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ സ്ഥാപനവുമായുള്ള കരാർ റദ്ദാക്കുന്നതാണ് എന്ന് ഗ്രാമ പഞ്ചായത്ത് 3.3.2022 ലെ SC4-1308/22 നമ്പർ കത്ത് പ്രകാരം രാമനാട്ടുകര കേരള ഗ്രാമ നിർമ്മാണ സമിതിയെ അറിയിച്ചിരുന്നു. ഈ വിഷയത്തിലുള്ള തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

എം.സി.എഫിലെ ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തതകൾ

ഓഡിറ്റിന്റെ ഭാഗമായി 2.12.2022 - ന് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മുഹമ്മദ് കെ. കെ യുമൊത്ത് എം.സി.എഫിൽ സ്ഥലപരിശോധന നടത്തി. എം.സി.എഫിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. എം.സി.എഫിൽ ഈയിടെ നടത്തിയ വയറിംഗ് പ്രവൃത്തിയിൽ അപാകതയുള്ളതിനാൽ എം.സി.എഫിലെ വെയിംഗ് മെഷീൻ ശരിയായി ഉപയോഗിക്കാൻ കഴിയുന്നില്ല. എം.സി.എഫിനകത്ത് പുനരുപയോഗ സാധ്യതയുള്ളതും അല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുകയാണ്. എം.സി.എഫിൽ ബേലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ബേലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് കണക്ഷനും എം.സി.എഫിൽ ലഭ്യമായിട്ടില്ല. എം.സി.എഫിനകത്ത് മാലിന്യങ്ങൾ വേർതിരിക്കാൻ ആവശ്യത്തിന് ടേബിളുകൾ ഇല്ല. 24 ഹരിത കർമ്മസേന അംഗങ്ങൾക്ക് ഒരുമിച്ചിരുന്ന് ജോലി ചെയ്യുന്നതിനുള്ള സ്ഥല സൗകര്യം ഇവിടെ ഇല്ല. എം.സി.എഫിൽ ജലലഭ്യത തീരെ ഇല്ല. ഹരിത കർമ്മസേന അംഗങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഭൗതിക സാഹചര്യം, കുടിവെള്ള സൗകര്യം എന്നിവ ഗ്രാമപഞ്ചായത്ത് ഒരുക്കിയിട്ടില്ല. കുത്തനെയുള്ള കയറ്റവും ചെളിയും കാരണം എം.സി.എഫിലേക്ക് വലിയ വാഹനങ്ങൾക്ക് കയറാൻ പ്രയാസമാണ്. എം.സി.എഫ് പരിസരം വളരെ ഉയരമുള്ള പുല്ലുകൾ വളർന്ന് കാടുപിടിച്ച അവസ്ഥയിലാണ്. എം.സി.എഫിലെ സ്ഥലപരിമിതി മൂലം മാലിന്യങ്ങൾ പരിസരങ്ങളിലും കൂട്ടിയിട്ടിരിക്കുകയാണ്. എം.സി.എഫിന് ചുറ്റുമതിലോ ഗേറ്റോ ഇല്ല.

കോഴിക്കോട് ജില്ലാ കലക്ടർ & ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാന്റെ 16.9.2019 ലെ DMKKD/1996/2018 നമ്പർ ഉത്തരവ് പ്രകാരം സീറോ വേസ്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകുന്ന പദ്ധതിയിൻ കീഴിൽ PWD ROADS വിഭാഗത്തിന്റെ കൈവശമുണ്ടായിരുന്ന പുതുപ്പാടി വില്ലേജിലെ പുതുപ്പാടി ദേശത്തെ 5 സെന്റ് ഭൂമി

പുളപ്പാടി ഗ്രാമ പഞ്ചായത്തിന് എം. സി. എഫ് സ്ഥാപിക്കുന്ന ആവശ്യത്തിന് അനുവദിക്കുകയായിരുന്നു. നിലവിൽ സ്ഥല പരിമിതി മൂലം ഈ 5 സെന്റ് സ്ഥലത്തിന് പുറത്തും മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുകയാണ്. എം. സി. എഫിന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ സ്ഥലം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. എം. സി. എഫിലെ സ്ഥല പരിമിതി മൂലം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവഹണ ചുമതല നൽകിയ എം. സി. എഫ് നവീകരണം എന്ന പ്രോജക്ട് (നമ്പർ 320/22) നിർവഹണം നടത്താതെ ഉപേക്ഷിക്കുകയായിരുന്നു.

എം. സി. എഫ് കെട്ടിടത്തിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി എം. സി. എഫ് കോമ്പൗണ്ടിൽ ഒരു കുഴൽക്കിണർ കുഴിക്കുന്നതിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നമ്പർ - എസ് 0210/22 ). ഈ പ്രവൃത്തിക്കായി 42,655/- രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുള്ളതും 4.3.32022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ തുക കൈമാറി 9 മാസങ്ങൾക്കു ശേഷവും ഭൂജല വകുപ്പ് ഈ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

എം.സി.എഫിലേക്ക് മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന ടിപ്പർ ലോറിയുടെ ബോഡി ഉയരത്തിലായതിനാൽ ഹരിത കർമ്മസേന അംഗങ്ങൾക്ക് വാഹനത്തിലേക്ക് സുഗമമായി കയറുന്നതിനോ ഇറങ്ങുന്നതിനോ സാധിക്കുന്നില്ല. ഹരിത കർമ്മസേന അംഗങ്ങൾ നിലവിൽ താൽക്കാലികമായി പടികൾ വെച്ചാണ് വാഹനത്തിലേക്ക് കയറുന്നതും ഇറങ്ങുന്നതും. ഇത് അപകടങ്ങൾക്ക് ഇടയാക്കാൻ സാദ്ധ്യതയുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമ മല്ലാത്തത്, മാലിന്യം നീക്കം ചെയ്യുന്നതിലെ കാലതാമസം, എം.സി.എഫ് പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകാത്തത്, എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ, മറ്റ് അപാകതകൾ എന്നിവക്ക് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 1.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് ( മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക ) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 21 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4345 |
| തൻവർഷം തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 5293 |
| തൻവർഷം തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2656 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 496 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 1627 |
| വകയിരുത്തിയ തുക | 84212200 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 293 |
| തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 61023000 |
| തൻവർഷത്തെ ആകെ ചെലവ് | 59308633 |

ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അവിദഗ്ദ്ധ തൊഴിലാളികൾ | 31189089 |
| വിദഗ്ദ്ധ തൊഴിലാളികൾ | 4486890 |
| മെറ്റീരിയൽസ് | 22624956 |
| ഭരണചെലവുകൾ | 1007698 |
| ആകെ | 59308633 |

## 1-34 കൈതപ്പൊയിൽ യു.പി. സ്കൂൾ - ത്രീ ഫേസ് കണക്ഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 280/22<br>കൈതപ്പൊയിൽ യു. പി. സ്കൂൾ ത്രീ ഫേസ് കണക്ഷൻ |
| പദ്ധതി അടങ്കൽ | 50000/- (41755/- വികസന ഫണ്ട്<br>8245/- തനതു ഫണ്ട്) |
| ചെലവ് | 46678/- (41755/- വികസന ഫണ്ട്<br>1923/- തനതു ഫണ്ട്) |

കൈതപ്പൊയിൽ യു. പി. സ്കൂളിൽ ത്രീ ഫേസ് കണക്ഷൻ നൽകുന്നതിന് 7.10.2021 ന് പുതുപ്പാടി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയായ 43678/- രൂപ 17.2.2022 ന് പ്രസ്തുത സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. 25.3.2022 ന് ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി. യും തമ്മിൽ വെച്ച കരാർ പ്രകാരം 31.3.2022 നകം മേൽ പ്രവൃത്തി കെ.എസ്.ഇ.ബി. ഏറ്റെടുത്ത്

പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് ആയതിന്റെ ഫൈനൽ ബിൽ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് കട്ടിംങ്ങ് ചാർജ് ഈടാക്കിയില്ല

ഫയൽ നമ്പർ :- എ2-4640/21

മേൽ ഫയൽ, ഭരണസമിതി മിനുട്ട്സ് എന്നിവ പരിശോധിച്ചതിൽ നിന്നും പുതുപ്പാടി ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ താമസിക്കുന്ന മറിയ നാലകത്ത് എന്നവർക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന്റെ ഭാഗമായി എലിക്കാട് ബൈപ്പാസ് റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ ഇടുന്നതിന് അനുമതിക്കായി അപേക്ഷിക്കുകയും ആയത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് എസ്റ്റിമേറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 5,852/- രൂപ റീസ്റ്റോറേഷൻ ചാർജ്ജായി ഈടാക്കി പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് ഭരണസമിതിയുടെ 18.10.21 ലെ 41 നമ്പർ പ്രകാരം തീരുമാനിച്ചതായി കാണുന്നു. എന്നാൽ തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

### 2-2 വസ്തുനികുതി നിർണ്ണയം - റോഡുകളുടെ വിവരം തെറ്റായി ഉൾപ്പെടുത്തുന്നതിനാൽ നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡിന്റെ വീതി കണക്കാക്കാതെ നികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ ശ്രീ. അബ്ദുൾ ഖാദർ എന്നവരുടെ ഉടമസ്ഥതയിലുള്ള ലോഡ്ജ് കെട്ടിടത്തിന് 561 A1,A2,A3,A4 എന്നീ നമ്പറുകൾ നൽകി തൻവർഷം നികുതി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടത്തിനു മുന്നിലുള്ള റോഡിന്റെ വീതി പരിഗണിക്കാതെ നികുതിയിൽ ഇളവ് നൽകിയതായി കാണുന്നു. നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ സൈറ്റ് പ്ലാൻ പ്രകാരം 8 മീറ്റർ വീതിയുള്ള ഒടുങ്ങാക്കാട് – കാക്കവയൽ റോഡിന്റെ സമീപത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. എന്നാൽ സഞ്ചയയിൽ പരിശോധിച്ചതിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വഴി സൗകര്യം ഇല്ലാത്തത് എന്ന് കണക്കാക്കി 20% ഇളവ് നൽകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 കുറിപ്പ് 2 പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് പത്ത് മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതുനടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടുള്ള സംഗതിയിൽ, ആദ്യം പറഞ്ഞ പ്രകാരമുള്ള റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. റോഡിന്റെ തരം പൊതുവഴി സൗകര്യം ഇല്ല എന്ന് രേഖപ്പെടുത്തിയതു മൂലം യഥാർത്ഥത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വരേണ്ട നികുതി വർദ്ധനവ് (20%) വന്നില്ലെന്ന് മാത്രമല്ല നികുതി ഇളവ് (20%) നൽകുക വഴി നികുതി ഇനത്തിൽ ആകെ 40% കുറവ് ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിനൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പരിശോധിക്കാതെ റോഡിന്റെ തരം പൊതുവഴി സൗകര്യം ഇല്ല എന്ന് രേഖപ്പെടുത്തിയതു മൂലം ഈയിനത്തിൽ വരേണ്ട നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്. സൈറ്റ് പ്ലാൻ പ്രകാരം എൻ.എച്ച് 212 ൽ നിന്ന് ഏകദേശം 100 മീറ്റർ അടുത്ത് കെട്ടിടം സ്ഥിതി ചെയ്യുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഫയൽ പ്രകാരം ദ്വിതീയ മേഖല ഇളവ് 10% നൽകിയിട്ടുണ്ട്. മേഖല സംബന്ധിച്ച അന്തിമ

വിജ്ഞാപനം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേഖല ഇളവ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

മേഖല സംബന്ധിച്ച അന്തിമ വിജ്ഞാപനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും നികുതി തെറ്റായി നിർണ്ണയിച്ചതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | അബ്ദുൾ ഖാദർ | ലോഡ്ജ് 19/561 A1, 40.5 $M^2$ | 40.5x40=1620<br>1620x10%=162<br>(ദ്വിതീയ മേഖല ഇളവ്)<br>1620x20%=324<br>(വഴി ഇല്ലാത്തത്)<br>1620-162-324=1134 | 40.5x40=1620<br>1620x10%=162<br>(ദ്വിതീയ മേഖല ഇളവ്)<br>1620x20%=324<br>(വഴി വർദ്ധന)<br>1620-162+324= 1782 | 1782-1134= 648 |
| | | 19/561 A2, 40.5 $M^2$ | “ | “ | 1782-1134= 648 |
| | | 19/561 A3, 70 $M^2$ | 70x40=2800<br>2800x10%=280<br>(ദ്വിതീയ മേഖല ഇളവ്)<br>2800x20%=560<br>2800-280-560= 1960 | 70x40=2800<br>2800x10%=280<br>(ദ്വിതീയ മേഖല ഇളവ)<br>2800x20%=560<br>2800-280+560= 3080 | 3080-1960= 1120 |
| | | 19/561 A4, 20.21 $M^2$ | 20.21x40=808.4<br>808.4x10%=80.84<br>(ദ്വിതീയ മേഖല ഇളവ്)<br>808.4x20%=161.68<br>808.4-80.84-161.68=566 | 20.21x40=808.4<br>808.4x10%=80.84<br>(ദ്വിതീയ മേഖല )<br>808.4x20%=161.68<br>808.4-80.84+ 161.68= 889.24 | 889.24-566= 323.24 |

| | | | | | |
|---|---|---|---|---|---|
| | | | | | ആകെ നികുതി<br>648+648+ 1120+323.24=<br>2739 |

2. റോഡിന്റെ വീതിയ്ക്ക് ആനുപാതികമായി നികുതി വർദ്ധനവ് വരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ ശ്രീ. റിയാസ്, അരീച്ചോലയിൽ എന്നവരുടെ 313.28 ച. മീ. വിസ്തൃതിയുള്ള ലോഡ്ജ് /വാണിജ്യ കെട്ടിടത്തിന് 5/121 A, B, C, D, E, F, G, H, J എന്നീ നമ്പറുകൾ അനുവദിച്ച് തൻവർഷം നികുതി നിശ്ചയിച്ചു. നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിനു മുന്നിലുള്ള റോഡിന്റെ വീതിയ്ക്കാനുപാതികമായി നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു. കംപ്ലീഷൻ പ്ലാനിനൊപ്പം സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിനു സമീപമുള്ള റോഡ് എട്ട് മീറ്റർ വീതിയുള്ള അടിവാരം – വള്ളിയാട് റോഡാണ്. എന്നാൽ ഫോറം നമ്പർ 6 പരിശോധിച്ചതിൽ റോഡിന്റെ തരം ഒന്നര മീറ്ററിൽ കൂടുതൽ എന്നും റോഡിന്റെ പേര് മുപ്പതേക്ര അടിവാരം നാലാം വളവ് എന്നും രേഖപ്പെടുത്തിയതു മൂലം ഈയിനത്തിൽ വരേണ്ട നികുതി വർദ്ധനവ് ഉണ്ടായില്ല. തെറ്റായി നികുതി നിർണ്ണയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | റിയാസ് അരീച്ചോലയിൽ | ലോഡ്ജ്<br>5/121 A,<br>45.76 $M^2$ | 45.76x40=1830.4<br>1830.4x10%=183.04<br>(ദ്വിതീയ മേഖല ഇളവ്)<br>1830.04-183.04=<br>1648 | 45.76x40=1830.4<br>1830.4x10%=183.04<br>(ദ്വിതീയ മേഖല ഇളവ്)<br>1830.04x20%=366.08<br>(വഴി വർദ്ധന)<br>1830.4-183.04+366.08<br>=2014.04 | 2014-1648=<br>366 |
| | | 5/121 B,<br>45.76 $M^2$ | " | " | 2014-1648=366 |
| | | വാണിജ്യം<br>5/121 C<br>20.7 $M^2$ | 20.7x50=1035<br>1035x10%=103.5<br>(ദ്വിതീയ മേഖല ഇളവ്)<br>1035-103.5=931.5 | 20.7x50=1035<br>1035x10%=103.5<br>(ദ്വിതീയ മേഖല ഇളവ്)<br>1035x20%=207 | 1138.5-931.5=<br>207 |

| | | | | | |
|---|---|---|---|---|---|
| | | | | (വഴി വർദ്ധന)<br>1035-103.5+207=<br>1138.5 | |
| | | 5/121 D<br>18 $M^2$ | 18x50=900<br>900x10%=90<br>(ദ്വിതീയ മേഖല ഇളവ്)<br>900-90=810 | 18x50=900<br>900x10%=90<br>(ദ്വിതീയ മേഖല ഇളവ്)<br>900x20%=180<br>(വഴി വർദ്ധന)<br>900-90+180=990 | 990-810=180 |
| | | 5/121 E<br>15.45 $M^2$ | 15.45x50=772.5<br>772.5x10%=77.25<br>(ദ്വിതീയ മേഖല ഇളവ്)<br>772.5-77.25=696 | 15.45x50=772.5<br>772.5x10%=77.25<br>(ദ്വിതീയ മേഖല ഇളവ്)<br>772.5x20%=154.5<br>(വഴി വർദ്ധന)<br>849.75 | 849.75-696=<br>154 |
| | | 5/121 F<br>12.90 $M^2$ | 12.9x50=645<br>645x10%=64.5<br>(ദ്വിതീയ മേഖല ഇളവ്)<br>645-64.5=581 | 12.9x50=645<br>645x10%=64.5<br>(ദ്വിതീയ മേഖല ഇളവ്)<br>645x20%=129<br>(വഴി വർദ്ധന)<br>645-64.5+129=<br>709.5 | 709.5-581=<br>129 |
| | | 5/121 G<br>24.47$m^2$ | 24.47x50=1223.5<br>1223.5x10%=122.35<br>(ദ്വിതീയ മേഖല ഇളവ്)<br>1224-122.35=1102 | 24.47x50=1223.5<br>1223.5x10%=122.35<br>(ദ്വിതീയ മേഖല ഇളവ്)<br>1223.5x.20%=244.7<br>(വഴി വർദ്ധന)<br>1223.5-122.35+244.7=<br>1345.85 | 1346-1102=244 |
| | | ലോഡ്ജ്<br>5/121 H<br>65.12$m^2$ | 65.12x40=<br>2604.8<br>2604.8x10%=<br>260.48<br>(ദ്വിതീയ മേഖല ഇളവ്)<br>2604.8-260.48=<br>2345 | 65.12x40=2604.8<br>2604.8x10%=260.48<br>(ദ്വിതീയ മേഖല ഇളവ്)<br>2604.8x20%=520.96<br>(വഴി വർദ്ധന)<br>2604.8-260.48+ | 2865.28-2345=<br>521 |

| | | | | | |
|---|---|---|---|---|---|
| | | | | 520.96 = 2865.28 | |
| | | 5/121 J<br>65.12m2 | “ | “ | 2865.28-2345=<br>521 |
| | | | | | ആകെ<br>366+366+207+180+<br>154+129+244+521<br>521=2688 |

മേൽ ഖണ്ഡിക പ്രകാരം ക്രമ നമ്പർ 1,2 എന്നീ ഉദ്യോഗസ്ഥരുടെ കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഇനത്തിൽ 2739+2688=5427 രൂപയും ഗ്രന്ഥശാലാവരി ഇനത്തിൽ 137+135=272 രൂപയും ഈടാക്കി തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

കുറവ് ഈടാക്കിയ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൈതപ്പൊയിൽ കുടിവെള്ള പദ്ധതി - പൈപ്പിടൽ പ്രവൃത്തിയ്ക്ക് അധിക തുക നൽകിയതും മറ്റപാകതകളും

2021-22 വർഷത്തിൽ കൈതപ്പൊയിൽ കുടിവെള്ള പദ്ധതിയ്ക്കായി രണ്ടു പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് | പ്രവൃത്തി വിശദാംശം |
|---|---|---|---|---|
| 1 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതിയ്ക്ക് | 166483/-<br>തനതുഫണ്ട് | 158231/-<br>ചെ.നം.755980/22.11.21 | മോട്ടോർ സ്ഥാപിക്കാൻ റെയ്ഡ്കോയ്ക്ക് |

| | | | | |
|---|---|---|---|---|
| | മോട്ടോർ സ്ഥാപിക്കൽ, 194/22 | | | തുക നൽകി |
| 2 | കൈതപ്പൊയിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം, 252/22 | 400000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 400000/- ബിൽ നം. 488/22.3.22 | കിണറിനു മുകളിൽ പമ്പ് ഹൗസ്, കോമ്പൗണ്ട് വാൾ ഗേറ്റ്, പമ്പ് ഹൗസിലേയ്ക്ക് ആക്സസ്, പ്ലംബിഗ് വർക്ക്, ഫിനിഷിംഗ് വർക്ക് എന്നിവ |

പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരമുള്ള പദ്ധതി 2020-21 വർഷത്തിൽ നിന്നും സ്പിൽ ഓവർ ആയി ഉൾപ്പെട്ടതാണ്. രണ്ടാമത്തെ പദ്ധതി 2021-22 വർഷത്തിൽ പുതുതായി രൂപീകരിച്ച് 6.11.21 ന് സാങ്കേതികാനുമതി ലഭിച്ചതാണ്. ആദ്യ പദ്ധതിയിൽ മോട്ടോർ സ്ഥാപിച്ചതിന് 22.11.21 ന് റെഡ്കോയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി രൂപീകരിച്ച രണ്ടാമത്തെ പദ്ധതിയിൽ കിണറിനു മുകളിലായി പമ്പ് ഹൗസ് നിർമ്മാണം ആരംഭിക്കുന്നത് 10.1.22 നു മാത്രമാണ് (എം. ബുക്ക് നം. 7/21-22, പേജ് 7). പമ്പ് ഹൗസ് നിർമ്മാണത്തിനു മുമ്പേ മോട്ടോറിന്റെ ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി തുക നൽകിയതിലെ വൈരുദ്ധ്യം വ്യക്തമല്ല. റെയ്ഡ്കോയ്ക്ക് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

രണ്ടാമത്തെ പ്രവൃത്തിയിൽ 185 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. 75 Mm Dia 10Kgf/cm2 പൈപ്പിടുന്നതിനായി ഐറ്റം 14 ആയി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയത് (Od1463872/202102022). ആയതിന്റെ വിശദമായ ഡാറ്റാ പരിശോധിച്ചാൽ Trenching, Rifilling ഉൾപ്പെടെ പൈപ്പിടുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (കോസ്റ്റ് ഇൻഡക്സ് 36.44%, നിരക്ക് 492.14/mtr). അളവു പുസ്തകം പരിശോധിച്ചതിൽ പേജ് 22 ൽ 185 മീറ്റർ പൈപ്പിടുന്നതിന് കുഴിയെടുത്ത ഇനത്തിൽ 74 M3 (185x 0.5x0.8) മണ്ണ് നീക്കം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈയിനത്തിന് പേജ് 26 ൽ 298.8 രൂപ നിരക്കിൽ 22,111/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പിടുന്ന ഐറ്റത്തിൽ കുഴിയെടുത്ത് റീഫിൽ ചെയ്യുന്നതിനുള്ള തുക കൂടി ഉൾപ്പെട്ടിരിക്കെ കുഴിയെടുത്തതിന് വീണ്ടും തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് പരിശോധിക്കേണ്ടതും ഈയിനത്തിൽ അധികമായി തുക കരാറുകാരന് നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം നേരിൽ പരിശോധിച്ചപ്പോൾ റെയ്ഡ്കോയിൽ നിന്നും വാങ്ങിയ മോട്ടോർ, നിർമ്മാണം പൂർത്തിയാക്കിയ കിണറിലല്ല സ്ഥാപിച്ചിട്ടുള്ളതെന്നും, പുതുതായി നിർമ്മിച്ച കിണറിനും പമ്പ് ഹൗസിലേയ്ക്കും നിലവിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും കണ്ടു. ബന്ധപ്പെട്ട വാർഡ് മെമ്പറോട് നേരിൽ സംസാരിച്ചതിൽ പുതിയ നിർമ്മാണത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ പഴയ കിണറിലാണ് പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുള്ളതെന്നും, വൈദ്യുതി ലഭിക്കുന്ന പക്ഷം ഈ മോട്ടോർ മാറ്റി സ്ഥാപിക്കുമെന്നും അറിയിച്ചു. ഇത്തരത്തിൽ മോട്ടോർ

മാറ്റി സ്ഥാപിക്കുമ്പോൾ വേണ്ടി വരുന്ന കൂലിച്ചെലവ് ആര് വഹിക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

കുടിവെള്ള പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കേണ്ടതും, ഒരേ പ്രവൃത്തിയ്ക്ക് രണ്ടിനത്തിൽ നൽകിയ അധിക തുക (22111 രൂപ) തിരികെ ഈടാക്കേണ്ടതുമാണ്.

### 3-2 വള്ളിയാട് കുടിവെള്ള പദ്ധതി - മൺസൂണിൽ കിണർ നിർമ്മിച്ചതും മറ്റപാകതകളും

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 12,50,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണ് പ്രോജക്ട് നമ്പർ 191/22, ചെലവ് തുക 1213311 കിണർ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ ചെയ്ത് പ്രവൃത്തി ജേക്കബ്. എം. സി എന്ന കരാറുകാരനെ ഏൽപ്പിച്ച് 20.2.21ന് 110/20-21 നമ്പർ കരാറിലേർപ്പെട്ടു.

പദ്ധതി ഫയൽ പരിശോധിച്ചതിൽ കിണർ നിർമ്മാണവും, പൈപ്പിടലും, ടാങ്ക് സ്ഥാപനവും നടന്നിട്ടുണ്ട്. കരാറിലേർപ്പെട്ട് അഞ്ചു മാസങ്ങൾക്ക് ശേഷം 20.7.21 നാണ് പദ്ധതിയിലെ കിണർ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. പ്രവൃത്തി ആരംഭിച്ച് ഒന്നര മാസം കൊണ്ട് കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാർ 20.2.21 ന് ചമച്ച ശേഷം പ്രസ്തുത സാമ്പത്തിക വർഷത്തിലോ, തുടർവർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളുൾപ്പെടുന്ന വേനൽ കാലയളിലൊന്നും കിണർ നിർമ്മാണം നടത്താതെ മൺസൂൺ ആരംഭത്തിനു ശേഷം പ്രവൃത്തി ആരംഭിച്ചതിന്റെ സാങ്കേതികത്വം വ്യക്തമല്ല. പ്രവൃത്തി സമയത്ത് കിണറിലെ വെള്ളം പമ്പ് ചെയ്തു കളയുന്നതിന് 60 മണിക്കൂറുകൾക്ക് (70 മണിക്കൂർ പ്രവൃത്തി 60 ൽ നിജപ്പെടുത്തി) 16777.2/- രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ ചമച്ച് അഞ്ചു മാസത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അളവു പുസ്തകം 334/2019-20 പ്രകാരം ആകെ 4.5 മീറ്റർ ആഴത്തിൽ മാത്രമാണ് കിണറിനായി കുഴിച്ചിട്ടുള്ളത്. പേജ് 1 പ്രകാരം മൂന്നു മീറ്ററും, പേജ് 20 പ്രകാരം ഒന്നര മീറ്ററും. എന്നാൽ മണ്ണെടുക്കുന്നതിനുള്ള എക്സ്ട്രാ ലേബറായി മൂന്നാമത്തെ ഡെപ്തിനും തുക നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. സെക്കന്റ് ഡെപ്ത് വരെ മാത്രം കിണർ കുഴിച്ചിരിക്കെ തേർഡ് ഡെപ്തിനുള്ള എക്സ്ട്രാ ലേബർ നൽകിയതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ചെയ്യാത്ത മണ്ണ് പ്രവൃത്തിയ്ക്ക് തേർഡ് ഡെപ്തിന്റെ അധിക ലേബർ നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അളവുപുസ്തകം പേജ് 76 പ്രകാരം തേർഡ് ഡെപ്തിനായി നൽകിയ 4891.81/- ($18.031m^3$ X 271.3) രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല (ബിൽ നമ്പർ (1)204/25.10.21 -563435/-,(2)342/2.2.22 - 649876/-). ഈ തുക തിരികെ ഈടാക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 30-11-2022 മുതൽ | ഇതേ നമ്പർ ഓഡിറ്റ് |

| | | |
|---|---|---|
| | 01-12-2022 വരെ | റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | പ്രോജക്ട്-268/21-22 കാർഷിക വിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം | 200000 | 0 |
| | 2021-22 | 150000 | പ്രോജക്ട് നം-94/21- നെൽകഷിക്ക് കൂലിച്ചെലവ് സബ്സിഡി | 150000 | 0 |
| | 2021-22 | 320000 | പ്രോജക്ട് നം-131/21-22 ലൈഫ് മിഷൻ-എസ്.സി | 320000 | 0 |
| | 2021-22 | 210000 | പ്രോജക്ട് നം-141/21-22 ലൈഫ് മിഷൻ-എസ്.ടി | 210000 | 0 |
| | 2021-22 | 800000 | പ്രോജക്ട് നം-176/21-22(SO) ലൈഫ് മിഷൻ ഭൂരഹിതഭവനരഹിതർക്ക് ഭൂമിവാങ്ങൽ വീട് നിർമ്മാണം | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 2000000 | പ്രോജക്ട് നം-175/21-22-ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മിക്കൽ | 2000000 | 0 |
| | 2021-22 | 800000 | പ്രോജക്ട് നം-59/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 800000 | 0 |
| | 2021-22 | 100000 | പ്രോജക്ട് നം-61/21-22 പോഷകാഹാര വിതരണം (ജനറൽ) | 100000 | 0 |
| | 2021-22 | 300000 | പ്രോജക്ട് നം-92/21-22 ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 2021-22 | 400000 | പ്രോജക്ട് നം-109/21-22 മിൽക്ക് ഇൻസെന്റീവ് (വനിത) | 400000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പ്രോജക്ട്-268/21-22 കാർഷിക വിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം | 200000 | 0 |
| | 2021-22 | 180000 | പ്രോജക്ട് നം-94/21-നെൽകഷിക്ക് കൂലിച്ചെലവ് സബ്സിഡി | 180000 | 0 |
| | 2021-22 | 177000 | പ്രോജക്ട് നം-60/21-22 മുട്ടഗ്രാമം പദ്ധതി ജനറൽ (സുഭിക്ഷ കേരളം) | 177000 | 0 |
| | 2021-22 | 200000 | പ്രോജക്ട് നം-141/21-22 ലൈഫ് മിഷൻ-എസ്.ടി | 200000 | 0 |
| | 2021-22 | 854000 | പ്രോജക്ട് നം-59/21-22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 854000 | 0 |
| | 2021-22 | 400000 | പ്രോജക്ട് നം-92/21-22 ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 2021-22 | 1099386 | പ്രോജക്ട് നം-109/21-22 മിൽക്ക് ഇൻസെന്റീവ് | 1099386 | |

| | | | | | |
|---|---|---|---|---|---|
| | | | (വനിത) | | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.27/19/ ത.സ്വ.ഭ.വ തീയ്യതി 22/2/2019 | 0 | 10705333 | 2009333 | 0 | 8696000 |
| കാരുണ്യ ഭവന പദ്ധതി | 7656/ഡിബി.1/ 14/ത.സ്വ.ഭ.വ തീയ്യതി 14/08/2014 | 0 | 6146645 | 1865510 | 1000000 | 4281135 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,080 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-7 ബി | 1,080 | ശ്രീ. ബിജു & ശ്രീമതി. പ്രസീത - തൊഴിൽ നികുതി | 1210105615/5-03-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2000-01 | 29 | 2003-04 | 11.13.7.17 | നികുതി പിരിവിൽ അലംഭാവം | പരാമർശം ഒഴിവാക്കി(LFAC-19.21.53) |
| 2001-02 | | 2003-04 | 11.14 | മരാമത്ത് പ്രവൃത്തി സെന്റ് കോളനി സാംസ്കാരിക നിലയം | പരാമർശം ഒഴിവാക്കി(LFAC-19.21.53) |
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ – സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി - അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 141895239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 141579256 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 11279 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 27003 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 266364705 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5852 | | ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി |
| 2-2 | 5427 | | ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി |
| 3-1 | | 22111 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4892 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 45021 | ഡോ.സീതു പൊന്നുതമ്പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-18 | 19916.05 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 870519 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 30694 | ഡോ.സീതു പൊന്നുതമ്പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-22 | 1697497 | ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-2 272 ലൈബ്രറി സെസ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് കെ. കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുതുപ്പാടി ഗ്രാമപഞ്ചായത്ത് | കരുവച്ചാലിൽ (H), കള്ളൻതോട്, എൻ.ഐ.ടി പി. ഒ – 673601 |
| ശ്രീ. സുരേഷ് കുമാർ കെ, സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ (H), കുന്ദമംഗലം പി. ഒ. ചെത്തുകടവ് - 673571 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/1911/ 12/ 11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി2/ 810(2)/2022 തിയ്യതി-22.09.22 | 1 | 3-11 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1194(2)/2022 തീ-22.09.22 | 4 | 3-1, 3-2,3-24, 3-27, |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1194(3)/2022 തീ-22.09.22 | 3 | 2-2,3-13,3-20 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 810/2022 തീ-22.09.22 | 1 | 4-3 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/ 810(7)/22 തി-22.09.2022 | 8 | 2-1(3,4),3-10, 3-15,3-19,3-21, 3-22,3-23 |

| | | | |
|---|---|---|---|
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി2/ 1471(2)/22/തി-22.09.22 | 2 | 3-16,3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1471(3)/22 തിയ്യതി-23.09.22 | 10 | 2-5,2-7,2-11, 2-12, 2-14, 3-5, 3-11, 3-14, 3-25,3-26 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി2/1194(5)/22/ 20.09.22 | 6 | 2-2, 2-3(2),2-4,2-5, 3-3,3-5 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി2/1194(6)/22/ 23.09.22 | 6 | 2-2(2),2-4(2),3-8, 3-10,3-11(1),3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി2/1194(7)/22/ 23.09.22 | 18 | 1-9(3-എ.സി.ഡി) 1-10,1-15(1,2,4), 1-18,1-19,1-23, 1-25,1-26, 1-28,1-29,1-30, 1-31,1-33,1-36 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി2/1316/2021/ 13.10.21 | 25 | 1-1 മുതൽ 1-25 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി2/1328/2021/ 23..10.21 | 43 | 1-1 മുതൽ 1-43 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്